മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 03 No. 11 | THE ONLINE OFFICIAL NEWS BULLETTIN | 2020 March 14

SEASON OF GREAT LENT | വലിയ നോമ്പുകാലം | ܥܕܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
15 ♪4	16 ♪8	17 ♪4	18 ♪8	19 ♪4	20 ♪8	21 ♪4
hadbšabo d Knaenaito (Canaanite woman) 4th Sunday of Great Lent		58th Mem. of Paulose Mar Severios (Kunnamkulam Arthat Puthen Palli)	pelge d sawmo rabo Mid-Lent Elivation of the Cross Comme. of King Abgar of Edessa	90th Mem. of Sleeba Mar Osthathios (Kunnamkulam Arthat Puthen Palli)		

കോവിഡ് 19 തടയാനുള്ള ശ്രമങ്ങൾ പിന്തുണയ്ക്കും: പ. കാതോലിക്കാ ബാവാ

കോട്ടയം: കോവിഡ് 19 രോഗവ്യാപനം തടയുന്നതിനുള്ള ശ്രമങ്ങൾക്ക് പരിപൂർണ പിന്തുണയെന്ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ. വൈറസ് ബാധ മൂലമുണ്ടാകാവുന്ന അപകടങ്ങൾ പ്രവചനാതീതമാണ് എന്നതിനാൽ ലോകം ഇപ്പോൾ വലിയൊരു പ്രതിസന്ധി ഘട്ടത്തിലാണ്.

ആരോഗ്യസംരക്ഷണത്തിനും രോഗവ്യാപനം ഇല്ലാതാക്കുവാനുമായി അടിയന്തിരവും കാര്യക്ഷമവുമായ നടപടികൾ കൈക്കൊള്ളേണ്ടത് അത്യന്താപേക്ഷിതമാണ്. പൊതുസമൂഹം മുഴുവനും ഈ മഹാമാരിയെ പ്രതിരോധിക്കുവാൻ നടത്തുന്ന ശ്രമങ്ങളോട് മലങ്കര ഓർത്തഡോക്സ് സഭ സർവ്വാത്മനാ സഹകരിക്കും. അതതു രാജ്യങ്ങളിലെ ആരോഗ്യവിഭാഗവും അധികാരികളും നൽകുന്ന നിർദേശങ്ങൾ പൂർണമായും പാലിക്കുവാൻ സഭാംഗങ്ങൾ ശ്രദ്ധിക്കണം. സംസ്ഥാനത്തെ രോഗവ്യാപനം കണക്കിലെടുത്തു സംസ്ഥാന സർക്കാരിന്റെ ആരോഗ്യവിഭാഗം നൽകുന്ന മുന്നറിയിപ്പുകൾ ഗൗരവപൂർവ്വം ശ്രദ്ധിക്കുകയും മാർഗനിർദേശങ്ങൾ നടപ്പാക്കുവാൻ പൊതുസമൂഹവും സഭാംഗങ്ങളേവരും സത്വര നടപടി സ്വീകരിക്കണം.

ആരാധനയ്ക്കായുള്ള കൂടിവരവുകൾ രോഗവ്യാപനത്തിനു സാധ്യത വർദ്ധിപ്പിക്കുന്നു എന്നതിനാൽ ശനി, ഞായർ ദിവസങ്ങളിലെ കുർബ്ബാന ഒഴികെ മലങ്കര സഭയുടെ പള്ളികളിലും പൊതുസ്ഥലങ്ങളിലുമുള്ള സമ്മേളനങ്ങൾ, പ്രാർത്ഥനായോഗങ്ങൾ, സൺഡേ സ്കൂൾ ക്ലാസുകൾ എന്നിവ ഇക്കാലയളവിൽ ഒഴിവാക്കണം. സഭയുടെ കീഴിലുള്ള സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ആതുരാലയങ്ങളും അധികാരികളുടെ നിർദേശങ്ങൾ കൃത്യമായി നടപ്പാക്കണം. ശവസംസ്കാരത്തിൽ പങ്കെടുക്കുന്നവരുടെ സംഖ്യ പരമാവധി കുറയ്ക്കുവാൻ ശ്രദ്ധിക്കണം. സർക്കാരിന്റെയും സന്നദ്ധസംഘടനകളുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ സഭയുടെ ആത്മീയ സംഘടനകളും പ്രസ്ഥാനങ്ങളും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

രോഗലക്ഷണങ്ങൾ ഉള്ളവരും ആരോഗ്യപരിപാലകർ നിരീക്ഷണത്തിൽ നിർത്തിയിരിക്കുന്നവരും ആരാധനയ്ക്കായി ദേവാലയത്തിൽ എത്തുന്ന സാഹചര്യം ഒഴിവാക്കി ഭവനങ്ങളിൽ പ്രാർത്ഥന നടത്തുവാൻ ശ്രദ്ധിക്കണമെന്നും കരസ്പർശനത്തിലൂടെ സമാധാനം കൊടുക്കുന്നതും കുരിശിലും ബലിപീഠത്തിലും ചുംബിക്കുന്നതും ഇക്കാലയളവിൽ ഒഴിവാക്കി അതിനു പകരം തല വണങ്ങുന്ന രീതി സ്വീകരിക്കണമെന്നും കുർബ്ബാനാനുഭവം സംബന്ധിച്ച് ഇക്കാലയളവിനാവശ്യമായ നിയന്ത്രണങ്ങൾ വിശ്വാസികൾ സ്വയം കൈക്കൊള്ളുകയും ഇതുമായി ബന്ധപ്പെട്ട് വൈദികർ നൽകുന്ന മാർഗനിർദേശങ്ങൾ പാലിക്കുകയും ചെയ്യേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

ദേവാലയങ്ങളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ, പാത്രങ്ങൾ, വിശുദ്ധ വസ്തുക്കൾ എന്നിവ രോഗാണുവിമുക്തമാക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും ആരാധനയ്ക്കായി കൂടിവരുന്നതിനോടനുബന്ധിച്ച് ഭക്ഷ്യവസ്തുക്കൾ കൊണ്ടുവരുന്നതും വിതരണം ചെയ്യുന്നതും ഒഴിവാക്കണമെന്നും പ. കാതോലിക്കാ ബാവാ നിർദേശിച്ചു.

പിതാക്കന്മാരുടെ മാതൃക ഉദാത്തം: അലക്സിയോസ് മാർ യൗസേബിയോസ്

തിരുവല്ല: പിതാക്കന്മാരുടെ മാതൃക ഉദാത്തമാണെന്നും പ്രതിസന്ധികളിൽ അവ വഴികാട്ടി ആണെന്നും മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്ത അലക്സിയോസ് മാർ യൗസേബിയോസ് പ്രസ്താവിച്ചു. ഓർത്തഡോക്സ് സഭ നിരണം ഭദ്രാസന അധ്യക്ഷന്മാരായിരുന്ന പ. ഗീവർഗീസ് മാർ ദിവന്നാസിയോസ്, പ. ഗീവർഗീസ് ദ്വിതീയൻ ബാവ, തോമാ മാർ ദീവന്നാസിയോസ്, സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് എന്നീ പിതാക്കന്മാരുടെ സംയുക്ത അനുസ്മരണം കവിയൂർ സ്ലീബാ പള്ളിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അധ്യക്ഷത വഹിച്ചു. നിരണം ഭദ്രാസന സെക്രട്ടറി ഫാ.അലക്സാണ്ടർ എബ്രഹാം, മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, വികാരി ഫാ. വർഗീസ് തോമസ്, ഫാ. സ്കറിയ എൻ ഫിലിപ്പ്, സഭാ മാനേജിങ് കമ്മിറ്റി അംഗം അഡ്വ. ചെറിയാൻ വർഗീസ് എന്നിവർ പ്രസംഗിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

"കർത്താവേ, ദാവീദുപുത്രാ, എന്നോടു കരുണ തോന്നണമേ! സ്ത്രീയേ, നിന്റെ വിശ്വാസം വലിയതു; നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ."

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

അനുഗ്രഹിക്കപ്പെട്ട ദൈവജനമെ,

അവന്റെ കൃപയാൽ രക്ഷാകരമായ വലിയനോമ്പിന്റെ നാലാം ആഴ്ചയിൽ നാം എത്തിയിരിക്കുന്നു. ഒപ്പം വി. ദൈവമാതാവിനോടുള്ള വചനിപ്പിന്റെ വലിയപെരുന്നാളായ മാർച്ച് 25-ഉം നോമ്പിന്റെ മദ്ധ്യത്തിൽ പ. സഭ എത്തിയിരിക്കുന്നുവെന്ന് ഓർമ്മിപ്പിച്ചുകൊണ്ടുള്ള പാതിബുധനാഴ്ചയും (മാർച്ച് 27) ഈ വാരത്തിന്റെ പ്രത്യേകതകളാണ്.

ക്രിസ്തുവിന്റെ മുന്നിൽ എത്തിപ്പെടുന്നവരുടെ ആരുടെയും അടുക്കൽ അവന്റെ ജാതിയോ മതമോ ചോദിക്കുന്ന അനുഭവങ്ങൾ സാധാരണ കണ്ടിട്ടില്ല. തികച്ചും ഒറ്റപ്പെട്ട സംഭവമാണ് വി. മത്തായി ശ്ലീഹായുടെ സുവിശേഷം 15-ാം അദ്ധ്യായത്തിലെ കനാന്യസ്ത്രീയുടെ സംഭവം. വി. മർക്കോസിന്റെ സുവിശേഷം 7-ാം അദ്ധ്യായത്തിലും ഇതേ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ കൂടുതൽ ഉൾക്കാഴ്ചയോടെ വ്യാഖ്യാനിക്കപ്പെടേണ്ട ഒന്നാണ് ഈ വേദഭാഗം.

യഹൂദന്റെ പൊതുചിന്ത മശിഹാ യഹൂദന്റെ മാത്രം രക്ഷകൻ എന്നതാണ്. തന്റെ ശിഷ്യന്മാർ ഉൾപ്പെടെ ഒരു യഹൂദ പടയുടെ മദ്ധ്യത്തിൽ താൻ നിൽക്കുമ്പോഴാണ് ഒരു കനാന്യ (യവന) സ്ത്രീ തന്റെ മുന്നിലേക്ക് കടന്നുവരുന്നത്. താൻ രക്ഷകനാണെന്ന പൂർണ്ണവിശ്വാസം, മറ്റൊരുവനിലും രക്ഷയില്ല; രക്ഷിക്കപ്പെടുവാൻ മറ്റൊരു നാമമില്ല എന്ന തിരിച്ചറിവും അവളിൽ ഉണ്ട് എന്ന് ക്രിസ്തു അറിയുന്നു. അവിടെ അവളിലൂടെ ചുറ്റും നിൽക്കുന്നവരെ പഠിപ്പിക്കുവാൻ അദ്ദേഹം തീരുമാനിക്കുകയും അവളെ ആയതിന് ഒരു ഉപാധിയാക്കുകയും ചെയ്യുന്നു.

'രക്ഷ ഇസ്രായേലിനു മാത്രം' എന്ന് വാശിപിടിക്കുന്ന മതസമൂഹത്തിന്റെ ചിന്തയാണ് ക്രിസ്തു തന്റെ സംവാദത്തിന്റെ ആരംഭത്തിൽ പറയുന്നത്: "യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ ഞാൻ അയയ്ക്കപ്പെട്ടിട്ടില്ല." കൂടിനിന്നവർക്ക് കർണ്ണാനന്ദം നൽകുന്ന വാക്കുകൾ. പുറജാതിക്കാരിയും ഒരുപക്ഷേ വിധവയുമായ ആ സ്ത്രീ മടുത്തുപോകാതെ വീണ്ടും കർത്താവിനോട് യാചിക്കുമ്പോൾ "മക്കളുടെ അപ്പം എടുത്തു നായ്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല" എന്ന മറുപടി വരുന്നു. യഥാസ്ഥിക യഹൂദന്റെ അടിസ്ഥാന ചിന്തയാണിത്. യഹൂദൻ യഹോവയുടെ തിരഞ്ഞെടുക്കപ്പെട്ട ജനം, സ്വന്തം മക്കൾ; മറ്റെല്ലാവരും അന്യരും പരദേശികളും അഥവാ നായ്ക്കളും എന്ന് കാഴ്ചപ്പാട്. കർത്താവിന്റെ ഉത്തരം കേട്ട് ഹർഷപുളകിതരായി യഹൂദ പരീശന്മാർ നിൽക്കുമ്പോഴാണ് യഹൂദ മനസ്സിന്റെ മതതീവ്രതയെ മുഴുവൻ തച്ചുടയ്ക്കുവാൻ കെല്പുള്ള ആ വാക്കുകൾ ആ സ്ത്രീയിൽ നിന്നും വരുന്നത്: "അതേ, കർത്താവേ, നായ്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നും വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ!" ആരെയും അമ്പരപ്പിക്കുന്ന തീക്ഷ്ണവിശ്വാസവും ആശ്രയബോധവും കർത്താവ് അവളിൽ കാണുന്നു. ഈ വിശ്വാസത്തെ കർത്താവ് ശ്ലാഘിക്കുകയും 'നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ' എന്ന് കൽപിക്കുകയും ചെയ്യുമ്പോൾ കൂടിനിന്നവരുടെ മനസ്സുകളിലെ മതാന്ധത കൂടെയാണ് നീക്കപ്പെടുന്നത്. ക്രിസ്തു യഹൂദന്റെ മാത്രമല്ല; തന്നിൽ വിശ്വസിക്കുന്ന സർവ്വരുടെയും രക്ഷകനാണ് എന്ന തിരിച്ചറിവ് അവരിൽ ഉണ്ടാകുന്നു.

പ്രഭാത വായനയിലെ (വി. ലൂക്കോസ് 7:1-10) ശതാധിപനും യഹൂദേതര വിശ്വാസസമൂഹത്തിന്റെ പ്രതിനിധിയാണ്. ചുരുക്കത്തിൽ ക്രിസ്തുവിലുള്ള രക്ഷ സാർവ്വത്രികമാണ് എന്ന് നോമ്പിന്റെ മദ്ധ്യത്തിൽ വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്ന ഏറെ പ്രാധാന്യമുള്ള സംഭവങ്ങളാണ് ഇവിടെ നാം ധ്യാനിക്കുന്നത്. ഈ ദിവസത്തെ പഴയനിയമ ഭാഗങ്ങൾ ധ്യാനിക്കുന്നവർക്ക് ഒരു കാര്യം ബോധ്യപ്പെടും: ജന്മം കൊണ്ടല്ല; കർമ്മം കൊണ്ടാണ് ഒരുവൻ യഥാർത്ഥ വിശ്വാസിയാകുന്നത്. ന്യായപ്രമാണത്തിന്റെ ആക്ഷരീക ആചരണമല്ല; ആത്മാവിൽ ന്യായപ്രമാണം പാലിക്കുന്നവൻ രക്ഷയ്ക്ക് യോഗ്യനെന്ന് യെശയ്യാ പ്രവാചകൻ ഇസ്രായേലിനെ ഓർമ്മിപ്പിക്കുന്നുണ്ട്: ശബ്ബത്തിനെ അശുദ്ധമാക്കാതെ സൂക്ഷിക്കുന്ന ഏവനും ഭാഗ്യവാൻ എന്നും യഹോവയോടു ചേരുന്ന അന്യജാതിക്കാരൻ രക്ഷയ്ക്ക് അവകാശിയെന്നും അവർക്ക് എന്റെ ആലയത്തിലും മതിലകങ്ങളിലും പുത്രീപുത്രന്മാരേക്കാൾ വിശേഷമായ സ്ഥാനവും നാമവും ഉണ്ട് എന്നും അവിടെ നാം വായിക്കുന്നു (യെശയ്യാ 56:2-5). യഹൂദൻ തന്റെ മതാന്ധത കൊണ്ട് ബോധപൂർവ്വം മറന്നുപോയ ഈ തത്വമാണ് കനാന്യസ്ത്രീയുടെയും ശതാധിപന്റെയും സംഭവങ്ങളിലൂടെ കർത്താവ് അവരെ വീണ്ടും പഠിപ്പിക്കുന്നത്! അതിനാൽ വി. നോമ്പിന്റെ മർമ്മപ്രധാനമായ ദിവസങ്ങളിലേക്ക് നാം എത്തുമ്പോൾ നമ്മിലേയും മതാന്ധത പൂർണ്ണമായും നീക്കപ്പെടുകയും ക്രിസ്തുവിലേക്ക് വരുന്നവരെ നിഷേധിക്കാതെ അവരെ സ്വീകരിക്കുകയും ചേർത്തുപിടിക്കുകയും ചെയ്യുന്ന മനോഭാവം നമ്മിൽ വളരുവാൻ ഇടയാകണം; ഇല്ലെങ്കിൽ നോമ്പും നമസ്കാരവും യഹൂദന്റെ ആചരണങ്ങളേക്കാൾ അർത്ഥശൂന്യവും രക്ഷയ്ക്കുപകരം ശാപവും ദോഷവും ആയിത്തീരും.

പാതിനോമ്പിന്റെ ബുധനാഴ്ച

നോമ്പിന്റെ തീവ്രതയിൽ പാളയമദ്ധ്യത്തിലേക്ക് കർത്താവിന്റെ വിജയസ്ലീബാ ഇറങ്ങിവരുന്ന അനുഭവം. വിഷസർപ്പ ദംസനത്താൽ ഇസ്രായേൽ ജനത വലഞ്ഞപ്പോൾ (സംഖ്യാപുസ്തകം 21-ാം അദ്ധ്യായം) യഹോവ മോശയോട് കൽപിക്കുന്ന ജ്ഞാപകമാണ് പാളയമദ്ധ്യത്തിലെ കൊടിമരത്തിൽ നാട്ടപ്പെടുന്ന പിത്തളസർപ്പം. അതിലേക്ക് നോക്കുന്നവർ വിഷദംസനത്തിൽ നിന്നും രക്ഷപ്പെടും.

ഏദനിൽ വച്ച് കൗശലക്കാരനായ സർപ്പം സ്ത്രീയ്ക്കു കാണിച്ചുകൊടുത്ത വൃക്ഷഫലം എന്ന മരണകരമായ വിഷത്തിൽ നിന്നുള്ള മോചനം മരത്തിൽ തൂക്കപ്പെടുന്ന യഥാർത്ഥ വൃക്ഷഫലമായ ക്രിസ്തുവിൽ മാത്രമാണെന്ന് പഴയനിയമത്തിൽ ഉടനീളം നാം നിഴലായി കാണുന്നുണ്ട്. അബ്രഹാമിന് വൃക്ഷം ഒരു ഫലം നൽകുന്നു: യാഗത്തിനുള്ള കുഞ്ഞാട്. ഇവിടെ മോശയ്ക്കും അവനിലൂടെ ഇസ്രായേലിനും യഹോവ ജീവവൃക്ഷവും അതിന്റെ ഫലവുമാകുന്ന ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്നു. നമ്മിലെ പൈശാചിക ശക്തികളെ തോൽപിക്കുവാനുള്ള പോരാട്ടമദ്ധ്യത്തിൽ സ്വർഗ്ഗം ചായിച്ച്, അഥവാ വി. ത്രോണോസിൽ നിന്നും, ക്രിസ്തുവിലുള്ള നിത്യരക്ഷയുടെ പ്രതീകമായ ദൈവപുത്രന്റെ രക്ഷാകരമായ വന്ദ്യ സ്ലീബാ ദേവാലയമദ്ധ്യത്തിലേക്ക് ഇറങ്ങിവരുന്നു. ഇനിയും അതിലേക്ക് നോക്കി അതിന്റെ പാർശ്വങ്ങളിൽ അഭയം പ്രാപിച്ചുകൊണ്ടാണ് നമ്മുടെ പ്രയാണം എന്ന് ഓർക്കണം.

പാതിബുധനാഴ്ച അബ്ഗാർ രാജാവിന്റെ ഓർമ്മപ്പെരുന്നാളായി പൗരസ്ത്യ ഓർത്തഡോക്സ് സഭ ആഘോഷിക്കുന്നു. രക്ഷ ക്രിസ്തുവിലാണെന്ന് മനസ്സിലാക്കി ക്രിസ്തുവിനെ തന്റെ രാജ്യത്തിലേക്ക് (പേർഷ്യൻ രാജ്യവും അതിന്റെ അന്നത്തെ തലസ്ഥാനമായ ഉറഹാ അഥവാ എഡേസ്സ) ക്ഷണിച്ച മഹാനായ രാജാവായിരുന്നു അബ്ഗാർ. അദ്ദേഹം ക്രിസ്തുവിന് കത്ത് അയച്ചുവെന്നും എന്നാൽ തന്റെ രക്ഷാദൗത്യം തനിക്ക് യെരുശലേമിൽ നിർവ്വഹിക്കേണ്ടതിനാൽ അതിനുശേഷം തന്റെ ശിഷ്യരെ അയച്ചുകൊള്ളാം എന്ന് കർത്താവ് മറുപടി എഴുതിയെന്നും നാലാം നൂറ്റാണ്ടിലെ വിഖ്യാത സഭാചരിത്രകാരനായ വി. യൂസേബിയോസ് രേഖപ്പെടുത്തിയിരിക്കുന്നു. വി. പെന്തിക്കോസ്തി പെരുന്നാളിന് ശേഷം ഈ ദൗത്യം സ്വീകരിച്ച വി. തോമ്മാ ശ്ലീഹാ ആദ്യം സുവിശേഷം അറിയിച്ച് പ. സഭ സ്ഥാപിച്ചത് പേർഷ്യൻ സാമ്രാജ്യത്തിലാണെന്നും അദ്ദേഹം വീണ്ടും കിഴക്കോട്ട് സഞ്ചരിച്ച് അനേകം മദ്ധ്യപൗരസ്ത്യ ദേശങ്ങളിൽ എത്തി സുവിശേഷം അറിയിച്ചുവെന്നും ഒടുവിൽ

ദക്ഷിണഭാരതത്തിൽ എത്തി പ. മലങ്കരസഭയ്ക്ക് അടിസ്ഥാനമിട്ട് വളർത്തി തന്റെ രക്തസാക്ഷിത്വം നിർവ്വഹിച്ചുവെന്നും അഭിമാനമുള്ള സഭാമക്കൾ ഓർക്കേണ്ട ഒരു സുദിനമാണ് വി. പാതിബുധനാഴ്ച. നോമ്പ് ക്രമത്തിനിടയിലും ഈ ദിവസം പെരുന്നാൾക്രമത്തിൽ വി. കുർബാന അർപ്പിക്കുവാൻ പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നു.

മാർച്ച് 25, ദൈവമാതാവിനോടുള്ള വചനിപ്പ് പെരുന്നാൾ

സഭാചരിത്രത്തിൽ നാലാം നൂറ്റാണ്ട് മുതലാണ് ഡിസംബർ 25 വി. യൽദോ (കർത്താവിന്റെ ജനനപ്പെരുന്നാൾ) പ്രത്യേകമായി ആചരിക്കുന്ന പാരമ്പര്യം ഉണ്ടാകുന്നത് എന്ന് കാണുന്നു. അതുവരെയും ജനനം മുതൽ യോർദ്ദാനിലെ പ്രകാശനം വരെയുള്ള സംഭവങ്ങൾ ജനുവരി 6-ന് ഒന്നിച്ച് ആഘോഷിക്കപ്പെടുകയായിരുന്നുവെന്നാണ് പണ്ഡിത മതം. അവിടെ നിന്നും അധികം താമസിയാതെ തന്നെ മാർച്ച് മാസം 25-ന് വചനിപ്പു പെരുന്നാൾ ആഘോഷിക്കപ്പെടണമെന്നും അന്നേദിവസം ദുഃഖവെള്ളിയാഴ്ച വന്നാൽപ്പോലും വി. കുർബാന അർപ്പിക്കണമെന്നും പിതാക്കന്മാർ നിഷ്കർഷിച്ചതായി കാണുന്നു.

അറിയൂസ്സിന്റെയും നെസ്തോറിന്റെയുമൊക്കെ വേദവിപരീതങ്ങൾക്ക് എതിരെ വി. സേവേറിയോസ് പാത്രിയർക്കീസ് അതിശക്തമായി പ്രതികരിച്ച് വേദപുസ്തക സത്യങ്ങളെ വ്യാഖ്യാനിക്കുന്നതായി നാം കാണുന്നുണ്ട്. വി. മറിയാമിന് ഉണ്ടായ വചനിപ്പും തുടർന്നുള്ള ഒമ്പതുമാസത്തെ ധ്യാനജീവിതവും വി. ലൂക്കോസ് ഏവൻഗേല്യസ്താ ഏറെ വ്യക്തമായി തന്റെ സുവിശേഷത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ തന്നെ വർണ്ണിച്ചിരിക്കെ അതിനെ യുക്തിവാദം കൊണ്ട് നിരസിക്കുവാൻ ആർക്കും അവകാശമില്ല എന്ന് സഭാപിതാക്കന്മാർ പരിശുദ്ധാത്മാവിൽ തീരുമാനമെടുത്തു. ജനനം ഡിസംബർ 25-നാണെങ്കിൽ ഒമ്പതുമാസം മുമ്പ് മാർച്ച് 25-ന് വി. വചനിപ്പ് നടന്നിരിക്കണം എന്നതാണ് സഭ നൽകിയ മറുപടി. "ഒമ്പതുമാസം നിന്നെയേറ്റോൾ തൻ പ്രാർത്ഥനയാൽ ദൈവാത്മജനെ കോപത്തിൽ ദണ്ഡൊഴിവാക്കേണം" എന്ന് പ. സഭ പ്രാർത്ഥിക്കുന്നു.

ദൈവം മനുഷ്യനാകുന്നത് അഥവാ വചനം ജഡം ധരിക്കുന്നതാണ് ഈ ലോകത്ത് സംഭവിച്ച ഏറ്റവും വലിയ അത്ഭുതം എന്ന് ആവർത്തിക്കേണ്ടതില്ലല്ലോ. ഈ സംഭവത്തെ പെരുന്നാളായി ഓർക്കുകയും ധ്യാനിക്കുകയും ചെയ്യുവാനുള്ള വലിയ ഉത്തരവാദിത്വം പ. സഭയ്ക്ക് ഉണ്ട്. അതുകൊണ്ട് മാർച്ച് 25-ലെ വചനിപ്പുപെരുന്നാൾ ക്രിസ്തുസംഭവത്തിലെ ഒന്നാമത്തെ മോറോനായ - കർത്താവിനടുത്ത - പെരുന്നാളായി ആചരിക്കപ്പെടുന്നു. ചുരുക്കത്തിൽ വചനിപ്പു പെരുന്നാൾ വി. മാതാവിനോടുള്ള ധ്യാനം മാത്രമല്ല; അതിലുപരി കർത്താവിന്റെ പെരുന്നാളാണ് എന്നുകൂടെ വിശ്വാസികൾ പ്രത്യേകം ഓർക്കുകയും ഏറെ വിശുദ്ധിയോടെ ആയത് ആചരിക്കുകയും വേണം.

ഈ ദിവസങ്ങളിലേക്കെല്ലാമുള്ള പ്രത്യേക വേദവായനഭാഗങ്ങൾ ക്രമീകരിച്ചിട്ടുള്ളവ പ. ദേവാലയത്തിൽ വച്ചോ, ആയതിന് സാധിക്കാതെ വരുമ്പോൾ ഭവനങ്ങളിൽ വച്ചോ, അഥവാ നമ്മുടെ യാത്രകളിലോ ജോലിസ്ഥലങ്ങളിലോ വച്ചോ വായിച്ച് ധ്യാനിക്കുവാൻ ഇടയാകണം. വേദവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യാത്തവനിൽ വെളിച്ചം ഇല്ല; അവൻ പിശാചിന്റെ സന്തതിയും കൂട്ടവകാശിയുമാണെന്ന് ഓർക്കണം. ദൈവകൃപയാൽ ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്താൽ വേദപുസ്തകം നമ്മുടെ കൈയിൽ എപ്പോഴുമുള്ള, നാം മൊബൈൽ ഫോൺ എന്നു വിളിക്കുന്ന ഉപകരണത്തിൽ പ്പോലും ലഭ്യമായിരിക്കുന്ന കാലത്ത് ആയത് ക്രിയാത്മകമായി പ്രത്യേകിച്ച് യാത്രാസമയങ്ങളിൽ ഉപയോഗിക്കുവാൻ കഴിയണം.

അതുപോലെതന്നെ പ. സഭയുടെ പ്രാർത്ഥനാപുസ്തകങ്ങളും നമ്മുടെ സന്തതസഹചാരികളായിരിക്കുകയും ആയതിൽ നിന്നും ചിട്ടയോടെ യാമപ്രാർത്ഥനകളും കാനോനിക നമസ്കാരങ്ങളും നടത്തി കൗദാശിക ജീവിതത്തിൽ ആത്മികമായി വളരുവാനും നമുക്ക് കഴിയണം. അങ്ങനെ ദൈവകൃപയാൽ നമുക്ക് ലഭ്യമായിട്ടുള്ള ആത്മസ്വാതന്ത്ര്യം (ക്രിസ്തുവിലുള്ള വീണ്ടെടുപ്പ്) അർത്ഥവത്തായി സമൂഹനന്മയ്ക്കായി ഉപയോഗിക്കുവാൻ ഈ ദിവസങ്ങൾ കൂടുതലായി നമ്മെ സഹായിക്കട്ടെ എന്ന് ആശംസിക്കുകയും പ്രർത്ഥിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ.

കോവിഡ് 19: കനത്ത ജാഗ്രത വേണമെന്ന് സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത

ന്യൂയോർക്ക്: കോവിഡ് 19നെതിരേ കനത്ത ജാഗ്രത പാലിക്കണമെന്നും ആരോഗ്യ ഉത്തരവാദിത്വം പുലർത്തണമെന്നും മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കോളോവോസ്. ഭദ്രാസനത്തിലെ എല്ലാ വൈദികർക്കുമായി നൽകിയ കൽപ്പനയിലാണ് മെത്രാപ്പോലീത്ത കൊറോണയ്ക്കെതിരേ പ്രതിരോധത്തിന്റെ പടച്ചട്ടയണിയേണ്ടുന്നതിന്റെ ആവശ്യകത വ്യക്തമാക്കിയത്. കൽപ്പനയിൽ ഇങ്ങനെ പറയുന്നു, കൊറോണ ലോകമെങ്ങും വ്യാപിക്കുന്നത് നമ്മുടെ ഉള്ളിൽ ഭയവും ഉത്കണ്ഠയും സൃഷ്ടിക്കുന്നു. ആഗോളവ്യാപകമായി പടരുന്ന കൊറോണയ്ക്കെതിരേ കനത്ത നടപടികൾ കൈക്കൊള്ളുന്നുണ്ടെങ്കിലും പലേടത്തും മനുഷ്യസമൂഹം നിസഹായരായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നാം ജാഗ്രത പാലിക്കുകയും ആരോഗ്യ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇക്കാര്യത്തിൽ എല്ലാ ജനങ്ങളോടും സമുദായസ്നേഹികളോടും വൈദികരോടും, ഒരുമിച്ച് നിന്നു ഈ പകർച്ചവ്യാധി പൊരുതി തോൽപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.



നിങ്ങൾക്ക് അസുഖം തോന്നുന്നുണ്ടെങ്കിൽ, അല്ലെങ്കിൽ കൊറോണ വൈറസിന്റെ ലക്ഷണങ്ങളായ പനി, ശ്വാസം മുട്ടൽ, ചുമ തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളതായി തോന്നുന്നുവെങ്കിൽ ഉടനടി ആരോഗ്യപ്രവർത്തകരുടെ ഉപദേശം സ്വീകരിക്കുകയും മറ്റുള്ളവരുമായി സമ്പർക്കം ഒഴിവാക്കുകയും ചെയ്യുക. ഈ വൈറസ് പടരാതിരിക്കാൻ: പൂർണ്ണമായും ഇടയ്ക്കിടെ കൈ കഴുകുക, ചുമയും തുമ്മലും തടയാൻ മാസ്ക് ധരിക്കുക, വ്യക്തിഗത സമ്പർക്കങ്ങൾ തത്ക്കാലത്തേക്ക് ഒഴിവാക്കുക. കൂടാതെ, വൈദികർ ഉപയോഗിക്കുന്ന കുരിശ്, വിശുദ്ധ കുർബാനയോടനുബന്ധിച്ച് ഉപയോഗിക്കുന്ന മറ്റ് സാമഗ്രികൾ ഒക്കെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണം.

കനത്ത ഉത്കണ്ഠയുടെ പശ്ചാത്തലത്തൽ നാമെല്ലാവരും ജാഗ്രതയോടെ വേണം പ്രവർത്തിക്കേണ്ടത്. ഒപ്പം, രോഗം ബാധിച്ചവരോടും അവരുടെ ബന്ധുജനങ്ങളോടും അനുകമ്പ പുലർത്തുകയും വേണം. ഇതു ബാധിച്ച എല്ലാവരെയും സ്വർഗ്ഗീയ വൈദ്യനായ നമ്മുടെ കർത്താവായ യേശുക്രിസ്തു സുഖപ്പെടുത്തട്ടെ എന്ന് പ്രാർത്ഥിക്കാം. വൈറസ് നിയന്ത്രിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നവർക്ക് നമ്മുടെ ദൈവം കൃപയും ശക്തിയും ധൈര്യവും നൽകട്ടെ.

മെത്രാപ്പോലീത്തയുടെ കൽപ്പന ഭദ്രാസനത്തിലെ എല്ലാ പള്ളികളിലും ഇക്കഴിഞ്ഞ ഞായറാഴ്ച വായിക്കുകയുണ്ടായി.

ഗവേഷണം

ആ മുനിശ്രേഷ്ഠൻ കാലു കുത്തിയതോടെ മരണം അതിന്റെ സംഹാര താണ്ഡവം നിർത്തി

ജോയ്സ് തോട്ടയ്ക്കാട്

കൊറോണ വൈറസ് സംഹാര താണ്ഡവമാടി ലോകത്തെ വിറപ്പിക്കുമ്പോൾ, 1935-ൽ കുന്നംകുളത്തെ പ്ലേഗ് ബാധയറിഞ്ഞ് പ. ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ നിർദേശപ്രകാരം അവിടെയെത്തിയ പ. പാമ്പാടി തിരുമേനിയുടെ യാത്രാവഴികളിലൂടെ...

1. കുന്നംകുളം പ്ലേഗ് ബാധ: പ. ഗീവർഗീസ് രണ്ടാമൻ ബാവാ അയച്ച പൊതു കല്പനയും പ. പാമ്പാടി തിരുമേനിക്ക് അയച്ച കത്തും

i

പൊതു കല്പന

നമ്പർ 59. 26-6-110. കുന്നംകുളം ആർത്താറ്റുപള്ളി മുതലായ പള്ളികളിലെ വികാരിക്കും ദേശത്തുപട്ടക്കാർ ജനങ്ങൾ എന്നിവർക്കും. കമ്പി കിട്ടി. വ്യസനിക്കുന്നു. നിങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പാൻ എല്ലാ പള്ളികൾക്കും കല്പന അയച്ചിട്ടുണ്ട്. എല്ലാവരും നിരാശപ്പെടാതെ ദൈവത്തിൽ ശരണം പ്രാപിക്കണം. മൂന്നു ദിവസത്തെ നോമ്പ് എല്ലാവരും ആബാലവൃദ്ധം നോക്കി അവസാനത്തിൽ വി. കുർബ്ബാന ചൊല്ലിക്കയും അനുഭവിക്കുകയും ചെയ്യണമെന്നും മറ്റും.

(1934-1935-ലെ കല്പനബുക്കിൽ നിന്നും)

ii

പ. പാമ്പാടി തിരുമേനിക്ക് അയച്ച കത്ത്

കുന്നംകുളങ്ങരെ പ്ലേഗ് കലശലാണെന്നും അവരെ ആശ്വസിപ്പിക്കുന്ന കൽപനകൾ അയച്ചുകൊടുക്കണമെന്നും ഇന്നലെ നമുക്കൊരു കമ്പി കിട്ടി. അതിനാൽ അവിടുന്നും അവർക്കു ആശ്വാസത്തിന്റെ ഒരു കൽപന അയച്ചുകൊടുക്കണം. പ്രത്യേകിച്ചു നമ്മുടെ ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കയും കുർബാന ചൊല്ലുകയും ചെയ്യുമല്ലോ.

കുംഭമാസം 10-ാം തീയതി വെള്ളിയാഴ്ച മാനേജിംഗ് കമ്മറ്റി കൂടണമെന്നു നിശ്ചയിച്ചിരിക്കയാണ്. 11-ാം തീയതി വലിയ മെത്രാച്ചന്റെ അടിയന്തിരവും ആണ്. രണ്ടു സംഗതികൾക്കും ആയിട്ട് ഇവിടെ വന്നുചേരണം.

എന്ന്, 1935-നു കൊല്ലം 1110 മകരമാസം 26-നു കോട്ടയം സിമ്മനാരിയിൽനിന്നും.

(*പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക*, 1985, പുറം 187)

2. കുന്നംകുളം പ്ലേഗ് ബാധ: മനോരമ വാർത്തകൾ

i

മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ കുന്നംകുളത്തേക്ക്

പ്ലേഗുനിവാരണാർത്ഥം ആത്മികശുശ്രൂഷകൾ നടത്തുവാൻ

(സ്വന്തം ലേഖകൻ)

പുതുപ്പള്ളി
മകരം 30

കുന്നങ്കുളത്ത് അതിഭയങ്കരമായവിധം പ്ലേഗ് ബാധിച്ചിരിക്കുന്നതായും അതിന്റെ നിവാരണത്തിനുവേണ്ടി ആത്മികശുശ്രൂഷകൾ നടത്തുന്നതിനുവേണ്ടി മെത്രാപ്പോലീത്തന്മാർ ചെല്ലണമെന്നും കുന്നങ്കുളത്തെ മലങ്കരസുറിയാനി സഭാംഗങ്ങൾ കമ്പിമൂലം അപേക്ഷിച്ചിരുന്നതനുസരിച്ച്, കോട്ടയം മുതലായ ഇടവകകളുടെ നി. വ. ദി. ശ്രീ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ പാമ്പാടി കുറിയാക്കോസ് ദയറായിൽ നിന്ന് ഇന്നലെ അടിയന്തിരമായി കുന്നങ്കുളത്തേക്കു പുറപ്പെട്ടിരിക്കുന്നു.

കുന്നങ്കുളത്തെ പ്ലേഗ് ശമിക്കുന്നതിനു, നി വ ദി മ ശ്രീ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാബാവായുടെ സർക്കുലറനുസരിച്ചു സ്ഥലത്തെ വലിയപള്ളി മുതലായ ദേവാലയങ്ങളിൽ കഴിഞ്ഞ ഞായറാഴ്ച പ്രത്യേക പ്രാർത്ഥനകൾ നടത്തിയിരിക്കുന്ന വിവരവും പ്രസ്താവയോഗ്യമാണ്.

(12-2-1935)

ii

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കുന്നംകുളത്ത്

(സ്വന്തം ലേഖകന്റെ കമ്പി)

കുന്നംകുളം
12-2-35

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ ഇന്നുച്ച കഴിഞ്ഞു ഇവിടെ എത്തിയിരിക്കുന്നു. മെ. എം. എ. ചാക്കോ, ചുങ്കത്തു ഇയ്യു, മാർത്തോമ്മാ പള്ളിയുടെ പ്രധാന ട്രസ്റ്റിയായ പാറമേൽ മി. ചുമ്മാർ എന്നിവർ തൃശൂർ വച്ചു മെത്രാപ്പോലീത്തായെ സ്വീകരിച്ചു. എല്ലാവരും കൂടി കുന്നംകുളം പഴയപള്ളിയിലേക്കു പോയി. അവിടെ പട്ടക്കാരും അത്മായക്കാരുമായി അനേകംപേർ കൂടി

ഫാ. ഡോ. കെ. എം. ജോർജ് ക്ഷണിച്ചതനുസരിച്ച് കേരളത്തിലെത്തിയ ഇന്തോനേഷ്യൻ ചിത്രകാരനായ ബോറിസ് സത്യവാൻ 2001–ൽ വരച്ച ഐക്കൺ. ആശയം: ഫാ. ഡോ. കെ. എം. ജോർജ്. തിരുമേനിയുടെ വാത്സല്യം അനുഭവിച്ചിരുന്ന അലഞ്ഞുനടക്കുന്ന പെൺപട്ടി തന്റെ കുഞ്ഞുങ്ങളെ തിരുമേനി ആവശ്യപ്പെട്ടപ്രകാരം കൊണ്ടുവന്നു കാണിക്കുന്നതാണ് രംഗം. ഒരു പട്ടിക്കുഞ്ഞിനെ വാത്സല്യപൂർവ്വം തിരുമേനി കൈകളിലേന്തിയിരിക്കുന്നു. പശ്ചാത്തലത്തിൽ പാമ്പാടി ദയറാ ചാപ്പൽ. തിരുമേനി വിളിച്ചാലുടൻ പറന്നെത്തുമായിരുന്ന പ്രാവുകളിൽ ഒന്ന് ദേഹത്തിരിക്കുന്നു. എം. ജി. എം. അഭയഭവൻ ആരംഭിക്കുന്നതിനു മുമ്പ് ദയറായിൽ താമസിച്ചിരുന്ന അശരണയായ വല്യമ്മച്ചിയെ തിരുമേനി ആശ്വസിപ്പിക്കുന്നു. ദയറാ മുറ്റത്തു നിന്ന പ്ലാവാണ് ഫലസമൃദ്ധിയോടെ ചിത്രത്തിൽ കാണുന്നത്.

യിരുന്നു. ഇന്നു പ്ലേഗു മൂലം ആരും മരിച്ചില്ല. ഇപ്പോൾ ആകപ്പാടെ 4000 പേർക്കു കുത്തിവെപ്പു നടത്തി കഴിഞ്ഞിട്ടുണ്ട്. ഊർജ്ജിതമായ ആരോഗ്യപരിപാലന നടപടികൾ നടത്തിവരുന്നു.

(13-2-1935)

iii

കുന്നംകുളത്തെ പ്ലേഗ്

(സ്വന്തം ലേഖകൻ)

കുന്നംകുളം
കുംഭം 4

രണ്ടു ദിവസങ്ങൾ ആയിട്ടു ഇവിടെ മരണങ്ങൾ ഉണ്ടായിട്ടില്ല. ഇതേവരെ ഏകദേശം 30 പേർ പ്ലേഗ് രോഗത്താൽ മൃതിയടഞ്ഞിട്ടുണ്ട്. ആറു ഡാക്ടരന്മാർ കുത്തിവെപ്പു മുറയ്ക്കു നടത്തിവരുന്നു. ഏകദേശം അയ്യായിരത്തോളം പേരെ ഇന്നേവരെയായി കുത്തിവച്ചു കഴിഞ്ഞു. പ്ലേഗ് നടപടിക്രമം അനുസരിച്ചു കുത്തിവെക്കാത്തവരെ ശിക്ഷിക്കുന്നതാണെന്നു ഗവർമ്മെണ്ടിൽനിന്നും വിജ്ഞാപനം ചെയ്തിരിക്കുന്നു. എലിക്കെണികളിൽ എഴുപതും എൺപതും വീതം എലികളെ ദിവസംതോറും കിട്ടിക്കൊണ്ടിരിക്കുന്നു. ഇപ്പോഴും എലികൾ അവിടവിടെ ചത്തുവീഴുന്നുണ്ട്. 'പ്ലേഗ് വിജിലൻസ്' കമ്മട്ടിക്കാരും, സ്പെഷ്യൽ ഡ്യൂട്ടിക്കാരും പട്ടണത്തിൽ പാഞ്ഞോടി വേണ്ട സഹായങ്ങൾ തക്കസമയത്തു ചെയ്തുവരുന്നുണ്ട്. ഒരു വലിയ ധനാഢ്യനും മഹാമനസ്കനും, ആയ ശ്രീമാൻ പി. ഒ. ഇയ്യുക്കുട്ടി പട്ടണത്തിലുള്ള മറ്റു ധനികന്മാരെ ചേർത്ത് ഒരു വലിയ ഫണ്ടു സാധുസംരക്ഷണാർത്ഥം പിരിച്ചുവരുന്നുണ്ട്. അദ്ദേഹത്തിന്റെ ഈ പരിശ്രമത്തിൽ എല്ലാവരും അദ്ദേഹത്തെ സഹായിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. നിരാധാരന്മാരും, അനാഥരും ആയവരെ ചെന്നുകണ്ടു അവർക്കു വേണ്ട ധനസഹായം ചെയ്യുന്നതിന് അദ്ദേഹവും തന്റെ കൂട്ടുകാരും ചെയ്യുന്ന പരിശ്രമങ്ങൾ തികച്ചും അഭിനന്ദനാർഹങ്ങൾ ആണ്.

നി വ ദി ശ്രീ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അവർകളുടെ അഭിപ്രായപ്രകാരം, വ്യാഴം, വെള്ളി, ശനി (കുംഭം 2, 3, 4) എന്നീ മൂന്നു ദിവസങ്ങളിൽ നോമ്പു നോക്കുകയും പ്രത്യേകം പ്രാർത്ഥനകൾ നടത്തുകയും ചെയ്തിരിക്കുന്നു. ഈ ദിവസങ്ങളിൽ പഴയ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും രാവിലെയും ഉച്ചയ്ക്കും വൈകിട്ടും പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. ഇതിൽ എല്ലാ സ്ത്രീപുരുഷന്മാരും പങ്കുകൊണ്ടിരുന്നു. ഇന്നു (ശനിയാഴ്ച) വി. കുർബാനയ്ക്കു ശേഷമേ കച്ചവടം മുതലായ ജോലികളിൽ ഏർപ്പെടുവാൻ പാടുള്ളു എന്ന് അറിയിച്ചു കൊണ്ട് ഒരു നോട്ടീസ് ഇന്നലെ പ്രസിദ്ധം ചെയ്തിരുന്നു. അതനുസരിച്ചു ഇന്നു രാവിലെ കമ്പോളത്തിലെ കടകൾ എല്ലാം അടയ്ക്കുകയുണ്ടായി.

ഏതായാലും നി വ ദി ശ്രീ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പാദസ്പർശം കുന്നംകുളത്തു ഉണ്ടായതോടുകൂടി പ്ലേഗുരോഗാതുരന്മാരായ പലർക്കു സുഖവും ആശ്വാസവും മറ്റും ഉണ്ടായി എന്നുള്ള വിവരവും പ്രസ്താവിച്ചുകൊള്ളുന്നു.

(18-2-1935)

iv

കുന്നംകുളം

(സ്വന്തം ലേഖകൻ)

കുംഭം 13

ഇവിടങ്ങളിൽ പ്ലേഗിന്റെ ശക്തി വളരെ കുറഞ്ഞിരിക്കുന്നു. ഇപ്പോൾ രണ്ടു മൂന്നു പേർക്കു രോഗമുണ്ടെന്നു സംശയിക്കുക മാത്രമേ ചെയ്യുന്നുള്ളു. പല ആളുകളും ഈ രോഗത്തിൽനിന്നു സുഖം പ്രാപിച്ചുവരുന്നുണ്ട്. റോഡുകളിൽ കൂടിയുള്ള ജനസഞ്ചാരവും, വ്യാപാരവും എല്ലാം മുന്നെപ്പോലെയായിരിക്കുന്നു. വിദ്യാലയങ്ങൾ ഉടനെ തുറക്കുന്നതായിരിക്കും.

പരേതനായ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ ഓർമ്മദിവസം കുംഭം 11-ാംനു ഇവിടെ കൊണ്ടാടിയിരിക്കുന്നു. അന്നു മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ അവർകൾ വിശുദ്ധ കുർബാന അർപ്പിക്കയും ചെയ്തിരിക്കുന്നു.

ഇന്നലെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ പുത്തൻപള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചിരിക്കുന്നു. എം ജി എം സണ്ടേസ്കൂൾ കുട്ടികളുടെ സമ്മാനദാനവും മെത്രാപ്പോലീത്താ അവർകളുടെ അദ്ധ്യക്ഷതയിൽ ഇന്നുതന്നെ നടത്തപ്പെടുകയുണ്ടായി. മെത്രാപ്പോലീത്താ അവർകൾ ഇന്നു ചിറളയം പള്ളിയിലേക്കു പോകുന്നതും ബുധനാഴ്ച (കുംഭം 15) ഇവിടെനിന്നു കോട്ടയത്തേക്കു പോകുന്നതുമായിരിക്കുമെന്നറിയുന്നു.

(27-2-1935)

V

കുന്നംകുളം

(സ്വന്തം ലേഖകൻ)

കുംഭം 15

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ ഇന്നലെ (കുംഭം 14) പഴഞ്ഞിയിടവകക്കാരുടെ ക്ഷണപ്രകാരം അവിടേക്കു പോയിരുന്നു. ഇടവകജനങ്ങളും പട്ടക്കാരും കൂടി അദ്ദേഹത്തെ ഹാർദ്ദമായി സ്വീകരിച്ചു. മെത്രാപ്പോലീത്താ അവർകൾ പള്ളിയിൽ പ്രവേശിച്ച് ലുത്തിനിയായും മറ്റും കഴിഞ്ഞ് അവിടത്തെ പ്രമാണികളും മറ്റുമായി കുറേനേരം സംഭാഷണം നടത്തിയതിനു ശേഷം വലിയ ജനക്കൂട്ടത്തോടും ഗാസ്സ്ലൈറ്റു മുതലായവയോടുംകൂടി, അത്യാസന്നനിലയിൽ കിടക്കുന്ന പള്ളിവികാരിയായ, റവ. ഫാ. പി. ഐ. മത്തായി കത്തനാരവർകളുടെ വീട്ടിൽപോയി അന്ത്യകൂദാശ കഴിച്ച് കുന്നംകുളത്തേക്ക് തിരിയെപ്പോയി. മെത്രാപ്പോലീത്താ അവർകൾ വെള്ളിയാഴ്ച (കുംഭം 17-നു) ഇവിടെനിന്ന് എറണാകുളത്തിനു പോകുന്നതും അന്ന് അവിടെ താമസിച്ച് ശനിയാഴ്ച കാലത്ത് എറണാകുളം പള്ളിയിൽ വി. കുർബാന അർപ്പിച്ചശേഷം അന്നു തന്നെ കോട്ടയത്തിന് മടങ്ങുന്നതുമായിരിക്കും.

ഇന്നലെ ഡി. എസ്. പി., തലപ്പള്ളി തഹശീൽദാർ തുടങ്ങി ചില ഉദ്യോഗസ്ഥന്മാർ ഇവിടെ എത്തി പ്ലേഗിനു കുത്തിവെക്കുന്ന സ്ഥലം മുതലായതു പരിശോധന കഴിച്ച് ജനങ്ങളെ ധൈര്യപ്പെടുത്തി മടങ്ങിപ്പോയിരിക്കുന്നു. കുറച്ചു ദിവസങ്ങൾക്കു മുമ്പ് ഹെൽത്തു ഡയറക്ടറായി ഇപ്പോൾ സ്ഥാനം വഹിച്ചുകൊണ്ടിരിക്കുന്ന ചീഫ് മെഡിക്കൽ ആപ്പീസർ ഡോക്ടർ റാഘവേന്ദ്രറാവു പട്ടണപരിശോധനയ്ക്കായി ഇവിടെ എത്തി ചില രോഗികളായി (പ്ലേഗു മൂലം) കിടക്കുന്ന ചിലരുടെ വീടുകൾ സന്ദർശിച്ചശേഷം മടങ്ങിപ്പോയിരിക്കുന്നു. ബഥനി ഐസൊലേഷ്യൻ വാർഡിൽ രോഗികളായി കിടന്നിരുന്ന രണ്ടുപേരിൽ ഒരുത്തനെ അവിടെനിന്നു പിരിച്ചുവിട്ടിരിക്കുന്നു.

(4-3-1935)

vi

കുന്നംകുളം

(സ്വന്തം ലേഖകൻ)

17-7-110

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ ഇന്നു പന്ത്രണ്ടു മണിക്കു കോട്ടയത്തേക്കു തിരിച്ചിരിക്കുന്നു. അദ്ദേഹത്തെ യാത്രയയ്ക്കുന്നതിനും മറ്റുമായി വളരെ അധികം ജനങ്ങൾ പഴയപള്ളിയിൽ കൂടിയിരുന്നു. മെത്രാപ്പോലീത്താ അവർകൾ ഇന്നു കാലത്തു വിശുദ്ധ കുർബാന കഴിഞ്ഞു എല്ലാവരോടും യാത്രയും പറഞ്ഞു പട്ടണത്തെ അനുഗ്രഹിച്ചും കൊണ്ടു സ്ഥലം വിട്ടിരിക്കുന്നു. നാളെ (18-7-10) എറണാകുളത്തു വിശുദ്ധ കുർബാന അർപ്പിച്ച ശേഷം അന്നുതന്നെ കോട്ടയത്തിനു പോകുന്നതായിരിക്കും.

പ്ലേഗിനു വളരെ ശാന്തതയുണ്ട്. വിദ്യാലയങ്ങൾ എല്ലാം തുറന്നു. കച്ചവടങ്ങൾ അഭിവൃദ്ധിപ്പെട്ടുവരുന്നു.

(5-3-1935)

3. പ്ലേഗിനെ ഭയപ്പെടാത്ത സാക്ഷാൽ ഇടയൻ

കുന്നംകുളം ഇടവകയിൽ പ്ലേഗ് ബാധിച്ചിരിക്കുന്നു എന്ന വിവരം അറിഞ്ഞ

കുന്നംകുളത്തെ പ്ലേഗ്.

(സ്വന്തം ലേഖകൻ)

കുന്നംകുളം
കുംഭം 4

രണ്ടുദിവസങ്ങൾ ആയിട്ടു ഇവിടെ മരണങ്ങൾ ഉണ്ടായിട്ടില്ല. ഇതേവരെ ഏകദേശം 30 പേർ പ്ലേഗ്രോഗത്താൽ മൃതിയടഞ്ഞിട്ടുണ്ട്. ആറു ഡാക്ടറന്മാർ കുത്തിവെപ്പു, മറ്റും നടത്തിവരുന്നു. ഏകദേശം അയ്യായിരത്തോളം പേരെ ഇന്നേവരെയായി കുത്തിവച്ചുകഴിഞ്ഞു. പ്ലേഗ് നടപടിക്രമം അനുസരിച്ചു കുത്തിവെക്കാത്തവരെ ശിക്ഷിക്കുന്നതാണെന്നു ഗവർമ്മെണ്ടിൽനിന്നു വിജ്ഞാപനം ചെയ്തിരിക്കുന്നു. എലിക്കെണികളിൽ എഴുപതും എൺപതും വീതം എലികളെ ദിവസംതോറും കിട്ടിക്കൊണ്ടിരിക്കുന്നു. ഇപ്പോഴും എലികൾ അവിടവിടെ ചത്തുവീഴുന്നുണ്ട്. 'പ്ലേഗ് വിജിലൻസ് കമ്മട്ടിക്കാരും, സ്പെഷ്യൽഡ്യൂട്ടിക്കാരും പട്ടണത്തിൽ പാദത്തോടി വേണ്ട സഹായങ്ങൾ തക്കസമയത്തു ചെയ്തുവരുന്നുണ്ട്. ഒരു വലിയ ധനാഢ്യനും മഹാമനസ്കനും, ആയ ശ്രീമാൻ പി ഒ ഇയ്യുക്കുട്ടി, പട്ടണത്തിലുള്ള മററു ധനികന്മാരെ ചേർത്തു് ഒരുവലിയ ഫണ്ടു സാധുസംരക്ഷണാർത്ഥം പിരിച്ചുവരുന്നുണ്ട്. അദ്ദേഹത്തിന്റെ ഈ പരിശ്രമത്തിൽ എല്ലാവരും അദ്ദേഹത്തെ സഹായിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. നിരാധാരന്മാരും, അനാഥരും ആയവരെ ചെന്നുകണ്ടു അവർക്കു വേണ്ട ധനസഹായം ചെയ്യുന്നതിനു് അദ്ദേഹവും തന്റെ കൂട്ടുകാരും ചെയ്യുന്ന പരിശ്രമങ്ങൾ തികച്ചും അഭിനന്ദനാർഹങ്ങൾ ആണ്.

നി വ ദി ശ്രീ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അവർകളുടെ അഭിപ്രായപ്രകാരം, വ്യാഴം, വെള്ളി, ശനി (കുംഭം 2, 3, 4) എന്നീ മൂന്നു ദിവസങ്ങളിൽ നോമ്പു നോക്കുകയും പ്രത്യേകം പ്രാർത്ഥനകൾ നടത്തുകയും ചെയ്തിരിക്കുന്നു. ഈ ദിവസങ്ങളിൽ പഴയ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും രാവിലെയും ഉച്ചയ്ക്കും വൈകിട്ടും പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. ഇതിൽ എല്ലാ സ്ത്രീപുരുഷന്മാരും പങ്കുകൊണ്ടിരുന്നു. ഇന്നു (ശനിയാഴ്ച) വി. കുർബാനയ്ക്കുശേഷമെ കച്ചവടം മുതലായ ജോലികളിൽ ഏർപ്പെട്ടുവരാൻ പാടുള്ളു എന്നു് അറിയിച്ചു കൊണ്ടു് ഒരു നോട്ടീസ് ഇന്നലെ പ്രസിദ്ധം ചെയ്തിരുന്നു. അതനുസരിച്ചു ഇന്നു രാവിലെ കമ്പോളത്തിലെ കടകൾ എല്ലാം അടസ്സുകയുണ്ടായി.

ഏതായാലും നി വ ദി ശ്രീ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പാദസ്പർശം കുന്നംകുളത്തു ഉണ്ടായതോടുകൂടി പ്ലേഗുരോഗാതുരന്മാരായ പലർക്കു സുഖവും ആശ്വാസവും മററും ഉണ്ടായി എന്നുള്ള വിവരവും പ്രസ്താവിച്ചുകൊള്ളുന്നു.

പ്പോൾ സുറിയാനി സഭാ മേലദ്ധ്യക്ഷനായ പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഈ ഇടവകയ്ക്കു വേണ്ടി പ്രത്യേക പ്രാർത്ഥനകളും ആരാധനകളും കഴിച്ചുവരികയായിരുന്നു. എന്നാൽ ഈ മഹാമാരി വർദ്ധിച്ചു വരുന്നു എന്നു കേട്ട ഉടനെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനി ഇവിടേക്കു പുറപ്പെട്ടിട്ടുണ്ടെന്നുള്ള കമ്പി ഇന്നലെ കിട്ടി. ഇന്നു കാലത്ത് 11.30-നുള്ള വണ്ടിക്ക് തിരുമനസ്സുകൊണ്ടു തൃശൂർ സ്റ്റേഷനിൽ എത്തി.

മെസേഴ്സ് എം. എ. ചാക്കോ, ചുങ്കത്ത് ഇയ്യു, മർത്തോമ പള്ളി മേയിക്കുകാരൻ പാറമൽ ചുമ്മാർ മുതലായവർ തിരുമേനിയെ അവിടെവെച്ച് സ്വീകരിക്കുകയും, ഒന്നരമണിയോടുകൂടി കുന്നംകുളത്ത് എത്തിച്ചേരുകയും ചെയ്തു.

(പഴയ കൊച്ചിയിലെ ഒരു മികച്ച ദിനപ്പത്രമായിരുന്ന ഗോമതിയിൽ 1110 മകരം 30-നു തിരുമേനിയുടെ എഴുന്നള്ളത്തിനെക്കുറിച്ചു പ്രസിദ്ധീകരിച്ച വാർത്ത. പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക, 1985, പുറം 72))

4. കുന്നംകുളങ്ങര പ്ലേഗ് മഹാമാരി

ഈ വാർഷിക റിപ്പോർട്ട് അവസാനിപ്പിക്കുന്നതിനു മുമ്പായി റിപ്പോർട്ട് വർഷത്തിൽ നമ്മുടെ സഭയുടെ ഒരു കേന്ദ്രമായ കുന്നംകുളത്തുണ്ടായ പ്ലേഗ് മഹാമാരിയെപ്പറ്റി അല്പം പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. കുന്നംകുളത്ത് പ്ലേഗ് ബാധിച്ചു എന്നറിഞ്ഞയുടനെ തന്റെ ആടുകൾക്കുവേണ്ടി തന്റെ ജീവനെ ബലികഴിക്കുവാൻ തയ്യാറുള്ള ആ മഹനീയമായ ക്രിസ്തീയ ദർശനത്തോടു കൂടി നി. വ. ദി. ശ്രീ. കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് സ്വമനസ്സാലെ കുന്നംകുളങ്ങരയിൽ എഴുന്നള്ളുകയും രോഗശമനത്തിനുവേണ്ടി പബ്ലിക്കായി ആത്മികശുശ്രൂഷകൾ നടത്തുകയും, കൂടാതെ ഭയലേശമെന്യേ രോഗികളെ അവരുടെ വീടുകളിലും ആശുപത്രികളിലും ചെന്നു കാണുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവർക്കുവേണ്ട ആതുരശുശ്രൂഷകൾ ചെയ്യുകയും പ്ലേഗ് രോഗത്തിനു ശമനം ഉണ്ടാകുന്നതുവരെ കുന്നംകുളങ്ങര അങ്ങാടിയിൽ താമസിക്കുകയും ചെയ്തു എന്നുള്ള വസ്തുത മലങ്കരസഭയുടെ പൊതുവായും കുന്നംകുളങ്ങര നിവാസികളുടെ പ്രത്യേകമായുമുള്ള അതിരറ്റ കൃതജ്ഞതയോടും സ്മരണയോടും കൂടി രേഖപ്പെടുത്തിക്കൊള്ളുന്നു.

(1936-ൽ പ്രസിദ്ധീകരിച്ച മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വാർഷിക റിപ്പോർട്ടിൽ 'പ്രത്യേക സംഭവങ്ങൾ' എന്ന ഉപശീർഷകത്തിൽ ചേർത്തിരിക്കുന്നത്. സമ്പാദകൻ: പി. സി. വർഗീസ് ചൊവ്വന്നൂർ)

5. കുന്നംകുളത്തു നിന്നും പാമ്പാടി തിരുമേനി എഴുതിയ കത്ത്

ദൈവകൃപയാൽ കോട്ടയം മുതലായ ഇടവകകളുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കു എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന വർഗ്ഗീസിനു വാഴ്വ്.

പ്രിയനേ,

ഞങ്ങൾ അവിടെനിന്നും പുറപ്പെട്ട് കോട്ടയം പഴയസിമ്മനാരി, എറണാകുളം, തൃശൂർ എന്നീ സ്ഥലങ്ങൾ വഴിയായി ഇന്നലെ രണ്ടു മണിയോടുകൂടി ഇവിടെ എത്തി. ദൈവകൃപയാൽ അവിടെ കേട്ടിരുന്നതുപോലെയുള്ള ബഹളങ്ങൾ ഇവിടങ്ങളിൽ കേൾപ്പാനില്ലെന്നുള്ളത് വളരെ ആശ്വാസമായി തോന്നുന്നു. ദീനം തീരെ ഇല്ലെന്നു പറയാൻ പാടില്ലാത്തവിധം രണ്ടോ, നാലോ സുഖക്കേടുകാർ ചിലയിടങ്ങളിൽ ഉള്ളതായി തോന്നുന്നു. ഇവിടെ നിന്നും അങ്ങോട്ടുള്ള ഞങ്ങളുടെ യാത്ര ഇന്ന സമയമെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ദൈവകൃപകൊണ്ടു താമസിയാതെ അങ്ങോട്ടു പുറപ്പെടാമെന്നു വിചാരിച്ച് ആശ്വസിക്കുന്നു.

കൊളമ്പുകാർ അയച്ചിരുന്ന മുന്തിരിങ്ങ കിട്ടി. ഞങ്ങൾ ഇങ്ങോട്ടു പോരുന്നവഴിക്കാണു കിട്ടിയത്. അതുകൊണ്ട് അതിന്റെ ഓഹരി നിങ്ങൾക്കുകൂടി തരാൻ സാധിക്കാതെ പോയല്ലോ എന്നു വിചാരിച്ച് കുണ്ഠിതപ്പെടുന്നു. മുന്തിരിങ്ങ ഇവിടെ കിട്ടിയ വിവരത്തിനും, മുന്തിരിങ്ങ അയച്ചുതന്നതിനും നന്ദി പറഞ്ഞും ഉടനെ വിവരത്തിനു എഴുതി അയയ്ക്കണം. അവരുടെ മേൽവിലാസം അറിയാൻ പാടില്ലായ്കമൂലം എഴുതുന്നതാണ്. ഈ എഴുത്തു നമ്മുടെ ആളുകളെ പ്രത്യേകം അറിയിക്കണം. ബലഹീനനായ നാം എല്ലാവരേയും പ്രത്യേകം ചോദിച്ചിരിക്കുന്നു. ദൈവകൃപ നിന്നോടും, ശേഷം എല്ലാവരോടും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1935-നു 1110 കുംഭം 1-നു കുന്നംകുളം പഴയപള്ളിയിൽ നിന്നും.

6. കുന്നംകുളങ്ങര പ്ലേഗ് മഹാമാരിയും പാമ്പാടിയിലെ മുനിശ്രേഷ്ഠനും

വി. കെ. ശ്രീരാമൻ

തൊള്ളായിരത്തിമുപ്പതുകളുടെ മധ്യത്തിലാണ് കുന്നംകുളത്തു പ്ലേഗ് പടരുന്നത്. ആ ദുരന്തത്തിൽ വലിയങ്ങാടിയിൽ നിരവധി എലികൾക്കും മനുഷ്യർക്കും ജീവഹാനി സംഭവിച്ചു. കുന്നംകുളം നിയോജകമണ്ഡലത്തിൽ നിന്ന് ആദ്യമായി കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കെ. ടി. മാത്യു

നിയമസഭയിൽ രാജ്യത്തെ ചീഫ് മെഡിക്കൽ ഓഫീസറായ ഡോ. ഡി. രാഘവേന്ദ്ര റാവുവിനോടു ചോദിച്ചു:

'കുന്നംകുളത്ത് എങ്ങനെയാണ് പ്ലേഗ് രോഗം ഉണ്ടായത്? അത് നിയന്ത്രിക്കാനും മരണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കാനും എന്താണു ചെയ്യാൻ കഴിയുക?'

മാത്യു എം. എൽ. സി. യുടെ ചോദ്യത്തിന് ഇങ്ങനെ ഉത്തരം പറഞ്ഞു, ഡോ. ഡി. രാഘവേന്ദ്ര റാവു എഫ്.ആർ.സി.പി. (ലണ്ടൻ):

'രോഗം എങ്ങനെ വന്നു എന്ന് കൃത്യമായി പറയാൻ കഴിയില്ല. എന്നാൽ കുന്നംകുളം ഗവർമ്മേണ്ട് ആസ്പത്രി കേന്ദ്രമായി പ്രതിരോധ കുത്തിവെപ്പ് സൗജന്യമായി നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊച്ചി രാജ്യത്തെ ആരോഗ്യവകുപ്പിന്റെ മുഴുവൻ പ്രവർത്തനശേഷിയും ശ്രദ്ധയും കുന്നംകുളത്തേക്കു തിരിച്ചുവിടാനുള്ള ശ്രമങ്ങളും ആരംഭിക്കാം!'

അതുകൊണ്ടൊന്നും പ്ലേഗ് അടങ്ങിയില്ല. ആളുകൾ ദിവസേന മരിച്ചുകൊണ്ടിരുന്നു. തെക്കും വടക്കും കിഴക്കും അങ്ങാടികളിൽ നിന്ന് കൂട്ടനിലവിളികൾ ഉയർന്നു. നിലവിളികൾ പിന്നീട് അനുതാപത്തിന്റെ ഗീതങ്ങളും പ്രാർത്ഥനകളുമായി മാറി. കഠിന രോഗങ്ങളും സാംക്രമിക മഹാമാരികളും വരുമ്പോൾ ആലപിക്കേണ്ട പ്രത്യേക പ്രാർത്ഥനകൾ ഓലമേഞ്ഞ അങ്ങാടിപ്പുരകളുടെ മുകൾത്തട്ടിൽ ഒഴുകിപ്പരന്നു.

വൈദികരും വിശ്വാസികളും കൂടിയാലോചിച്ചു. സഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയെ കുന്നംകുളത്തേക്കു ക്ഷണിച്ചു കൊണ്ടുവരാൻ തീരുമാനമായി. ആയതിനുവേണ്ടി പാറമേൽ കുരിയാക്കോസ് കത്തനാർ കോട്ടയത്തേക്കു പോയി. പരിശുദ്ധ ബാവാ കുന്നംകുളത്തു വന്നു പ്രാർത്ഥിച്ചാൽ രോഗത്തിന് ശമനമുണ്ടാവും.

കോട്ടയം പഴയസെമിനാരിയിലാണ് ബാവാ തിരുമേനി താമസം. കോട്ടയത്തേക്ക് കാറിൽ പോകാൻ ബുദ്ധിമുട്ടാണ്. ആലുവായിൽ ദേശം കടവ് കടക്കണം. പിന്നെ എറണാകുളത്തു ചെന്ന് ബോട്ടിൽ കയറണം. ഒരു വിധത്തിൽ പാറമേലച്ചൻ കോട്ടയത്തെത്തി. പഴയസെമിനാരിയിൽ ചെന്ന് ബാവായെ വിവരം ധരിപ്പിച്ചു.

'ഏതു വിധേനയും അവിടുന്ന് വേഗം വന്ന് കുന്നംകുളത്തെ സഭാവിശ്വാസികളുടെ സങ്കടത്തിനും രോഗത്തിനും നിവാരണമുണ്ടാക്കണം.'

തിരുമേനിയെ കുന്നംകുളത്തേക്കു കൊണ്ടുപോവാനാണ് പാറമേലച്ചൻ വന്നിരിക്കുന്നതെന്ന് മനസ്സിലാക്കിയപ്പോൾ കോട്ടയത്തെ സമുദായപ്രമാണിമാരുടെ ഭാവം മാറി.

'പ്ലേഗ് വന്ന് ആളുകൾ മരിച്ചുകൊണ്ടിരിക്കുന്ന കുന്നംകുളത്തേക്കാണോ ബാവായെ കൊണ്ടുപോകാൻ വന്നിരിക്കുന്നത്? തിരുമേനിയെ അവിടെ കൊണ്ടുപോയി കൊല്ലാനാണോ ഭാവം?'

പാറമേലച്ചൻ ധർമസങ്കടത്തിലായി. വന്നകാര്യം സാധിക്കാതെ മടങ്ങേണ്ടി വരുമല്ലോ എന്നോർത്ത് വ്യസനപ്പെട്ടു. ഒടുവിൽ സമുദായപ്രമാണിമാരും ബാവാ തിരുമേനിയും കൂടി ഒരു തീർപ്പിലെത്തി.

പാമ്പാടി ഗ്രീഗോറിയോസ് തിരുമേനിയെ കുന്നംകുളത്തേക്ക് അയയ്ക്കുക. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൊടുത്ത കത്തുമായി പാറമേലച്ചൻ പാമ്പാടി ദയറായിലേക്ക് നടന്നു. കത്തിൽ ഇപ്രകാരം എഴുതിയിരുന്നു.

'കുന്നംകുളത്തുകാരനച്ചനും മറ്റും അങ്ങോട്ട് വരുന്നു. അവരുടെ കൂടെ പോകേണ്ട കാര്യം അത്യാവശ്യമാണ്. നാം ഇവിടെ ഇപ്പോൾ എണ്ണ സേവിച്ചിരിക്കയാണ്. അതുകൊണ്ട് ഒരിടത്തേക്കും പോകുന്നതിന് നിവൃത്തിയില്ല. ഒരു വലിയ ഇടവക കുഴപ്പത്തിലാവുന്നത് സങ്കടമാണല്ലോ. അതിനാൽ മെത്രാച്ചൻ വേഗംതന്നെ കുന്നംകുളത്തേക്കു പോകണം. ചാക്കോ സൂപ്രണ്ടും മറ്റും അവിടെ ഉണ്ടല്ലോ?'

1935 കർക്കിടകം 10-ാം തീയതി കോട്ടയം സെമിനാരിയിൽ നിന്നു പാറമേലച്ചൻ വശം കൊടുത്തയച്ച ഈ കത്തിൽ സൂചിപ്പിച്ചിരിക്കുന്ന ചാക്കോ സൂപ്രണ്ട് കൊച്ചി രാജ്യത്തെ പോലീസ് കമ്മീഷണറും നായർ പട്ടാളത്തിന്റെ കമേണ്ടരും മറ്റും ആയിരുന്ന എം. എ. ചാക്കോ ആണ്. സഭാസ്നേഹിയും കുന്നംകുളത്തുകാരുടെ അഭ്യുദയകാംക്ഷിയുമായിരുന്നു ശ്രീമാൻ ചാക്കോ.

കൊല്ലവർഷം 1110-ൽ നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കുന്നംകുളം സന്ദർശിച്ചതിനെ സംബന്ധിച്ച് തൃശൂരിൽ നിന്ന് കെ. വി. രാഘവൻ നായരുടെ പത്രാധിപത്യത്തിൽ പുറപ്പെട്ടിരുന്ന 'ഗോമതി'യിൽ വന്ന ലേഖനത്തിന്റെ ശീർഷകം ഇങ്ങനെയായിരുന്നു: 'പ്ലേഗിനെ ഭയപ്പെടാത്ത സാക്ഷാൽ ഇടയൻ.'

പാമ്പാടി തിരുമേനി തലയിൽ കൈവെച്ച് പ്രാർത്ഥിച്ചതുകൊണ്ടു മാത്രമാണ് താൻ പ്ലേഗിൽനിന്ന് രക്ഷപ്പെട്ടത് എന്ന് ഇ. വി. കെ. ഔഷധശാലയുടെ ഉടമസ്ഥനായി പിന്നീട് അറിയപ്പെട്ട ഏനാശ്ശേരി വറീത് കുരിയൻ, നസ്രാണികളുടെ പടിയോലകളെക്കുറിച്ച് ഗവേഷണം നടത്തിയ പുലിക്കോട്ടിൽ ചാക്കുണ്ണി മകൻ മാത്യു വക്കീലിനോട് നേരിട്ടു പറഞ്ഞതായി രേഖകളുണ്ട്.

(ഭാഷാപോഷിണി വാർഷികപ്പതിപ്പ് 2014)

7. മുനിശ്രേഷ്ഠന്റെ 1935-ലെ കുന്നംകുളം യാത്ര (1935 ഫെബ്രുവരി 11 – മാർച്ച് 2): കാലാനുക്രമണിക

1935 ഫെബ്രുവരി 11 (മകരം 29) – പ്ലേഗ് ബാധയറിഞ്ഞ് പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ കല്പനപ്രകാരം പാമ്പാടി ദയറായിൽ നിന്ന് കുന്നംകുളത്തേക്കു പുറപ്പെട്ടു. സന്ധ്യയ്ക്ക് എറണാകുളം സെന്റ് മേരീസ് പള്ളിയിൽ താമസിച്ചു.

1935 ഫെബ്രുവരി 12 (മകരം 30) – പ്ലേഗ് ബാധയറിഞ്ഞ് കുന്നംകുളത്തെത്തി. കുന്നംകുളം പഴയ പള്ളിയിലേക്കു പോയി.

1935 ഫെബ്രുവരി 13 (കുംഭം 1) – കുംഭം രണ്ടാം തീയതി മുതൽ മൂന്ന് ദിവസത്തേക്കു കുന്നംകുളത്ത് പ്രത്യേക നോമ്പിന് തിരുമേനി ആഹ്വാനം ചെയ്തു.

1935 ഫെബ്രുവരി 16 (കുംഭം 4 ശനി) – രാവിലെ വി. കുർബ്ബാനയ്ക്കു ശേഷമേ കടകൾ തുറക്കാവൂ എന്ന തിരുമേനിയുടെ ആഹ്വാനപ്രകാരം കുന്നംകുളം കമ്പോളത്തിലെ കടകൾ രാവിലെ ഒമ്പതു മണി വരെ തുറന്നില്ല.

1935 ഫെബ്രുവരി 23 (കുംഭം 11) – വട്ടശ്ശേരിൽ പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഒന്നാം ഓർമ്മപ്പെരുന്നാൾ ദിനം. തിരുമേനി വി. കുർബ്ബാന അർപ്പിച്ചു.

1935 ഫെബ്രുവരി 24 (കുംഭം 12) – തിരുമേനി കുന്നംകുളം പുത്തൻപള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു. എം.ജി.എം. സണ്ടേസ്കൂൾ കുട്ടികളുടെ സമ്മാനദാനം നിർവഹിച്ചു.

1935 ഫെബ്രുവരി 25 (കുംഭം 13) – തിരുമേനി കുന്നംകുളം ചിറളയം പള്ളിയിലേക്കു പോയി.

1935 ഫെബ്രുവരി 26 (കുംഭം 14) – തിരുമേനി പഴഞ്ഞി ഇടവക്കാരുടെ ക്ഷണപ്രകാരം പള്ളിയിലെത്തി. പി. ഐ. മത്തായി കത്തനാരുടെ ഭവനത്തിലെത്തി അന്ത്യ കൂദാശ നടത്തി കുന്നംകുളത്തേക്ക് തിരികെ പോയി.

1935 മാർച്ച് 1 (കുംഭം 17) വെള്ളി – തിരുമേനി കുന്നംകുളത്തു നിന്നും കോട്ടയത്തേക്കു മടങ്ങി. സന്ധ്യയ്ക്ക് എറണാകുളം സെന്റ് മേരീസ് പള്ളിയിൽ താമസിച്ചു.

1935 മാർച്ച് 2 (കുംഭം 18) ശനി – എറണാകുളം സെന്റ് മേരീസ് പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു. കോട്ടയത്തിനു മടങ്ങിപ്പോന്നു.

❑

ആർദ്രതയും അവകാശബോധവും

(കനാന്യ സ്ത്രീ: വലിയ നോമ്പിലെ നാലാം ഞായറാഴ്ച)

(വി. മത്തായി 15:21-31, വി. മർക്കോസ് 7:24-30)

ഫാ. യോഹന്നാൻ കെ.

(സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പ്പൂർ)

മനുഷ്യനെ മനുഷ്യൻ തന്നെ വേർതിരിച്ചു നിർത്തിയിരിക്കുന്ന മതിലുകളെ തകർത്ത് വലിയ ഒരു സാമൂഹിക പരിവർത്തനം സാധ്യമാക്കിയ യേശുവിന്റെ ചിത്രമാണ് ഇന്നത്തെ സദ്വാർത്തയിൽ. പുറജാതിക്കാരിയായ ഒരു സ്ത്രീ തന്റെ മകൾക്കു വന്ന കഠിനമായ ഭൂതോപദ്രവത്തിൽ നിന്നുള്ള വിടുതലിനായി യേശുവിനെ സമീപിക്കുന്നു. ആ സ്ത്രീയോടുള്ള ശിഷ്യന്മാരുടെ അസഹിഷ്ണുതയും ക്രിസ്തുവിന്റെ മനോഭാവവും, മകളുടെ സൗഖ്യവും ആണ് വി. മത്തായി വി. മർക്കോസ് എന്നീ സുവിശേഷകർ വിവരിക്കുന്നത്.

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും മതത്തിന്റെ ഒരു ഭാഗമായി നിയമമായിത്തന്നെ നിലനിന്നിരുന്ന അക്കാലത്ത്, അടിച്ചമർത്തപ്പെട്ടവരുടെ നിലവിളികൾക്ക് ഒരു നായയുടെ 'കുര'യുടെ പോലും വിലയില്ലാതിരുന്ന കാലത്ത്, പ്രത്യേകിച്ച് ഒരു സ്ത്രീയോടുള്ള ക്രിസ്തുവിന്റെ കരുണയുടെ മുഖമാണ് ഇവിടെ കാണാവുന്നത്. മാത്രവുമല്ല മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഒരു ഉത്തമ ഉദാഹരണം കൂടിയാണ് ഈ സംഭവം. തളർവാതരോഗിയുടെ സൗഖ്യത്തിന് ചുമന്നുകൊണ്ടു വന്ന നാലുപേരുടെ വിശ്വാസം നിദാനമായതുപോലെ ഈ സ്ത്രീയുടെ വിശ്വാസവും അപേക്ഷയും മകളുടെ സൗഖ്യത്തിന് വഴിതെളിക്കുന്നു. സ്വന്തം സുഖത്തിനും സൗകര്യങ്ങൾക്കും വേണ്ടി മക്കളെ കൊല്ലാൻ പോലും മടിക്കാത്ത അമ്മമാരുടെ ഇന്നത്തെ ലോകത്ത്, മകൾക്കുവേണ്ടി എന്തു ത്യാഗവും അപമാനവും വഹിക്കുവാൻ തയ്യാറായ കനാന്യസ്ത്രീ നമുക്കൊക്കെ മാതൃകയാവുകയാണ്. ഇന്നത്തെ സദ്വാർത്ത മൂന്ന് വ്യത്യസ്ത മനോഭാവങ്ങൾ പേറുന്നവരെപ്പറ്റിയാണ്.

1. കനാന്യസ്ത്രീ - സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മാതൃക

നോഹയുടെ മകൻ ഹാമിന്റെ മകനായ കനാന്റെ സന്തതിപരമ്പരകളാണ് കനാന്യർ എന്നറിയപ്പെട്ടിരുന്നത്. ഇസ്രായേല്യർ കനാനിൽ കുടിയേറിപ്പാർത്തപ്പോൾ, തങ്ങളുടെ വംശത്തിൽ ഉൾപ്പെടാതെ അവിടെ താമസിച്ചിരുന്ന എല്ലാവരെയും കൂട്ടിച്ചേർത്ത് വിളിച്ചിരുന്ന പേരായിരുന്നു കനാന്യർ എന്നത് (ഉല്പത്തി 12:6, സംഖ്യ 21:3). രാജഭരണകാലത്ത് ശലോമോൻ അവരെ ഊഴിയവേലക്കാരായി നിയമിച്ചു. അങ്ങനെ പുറജാതികൾക്കുള്ള ഒരു സ്ഥാനമാണ് യഹൂദർ അവർക്ക് കൊടുത്തിരുന്നത്. അങ്ങനെയുള്ളവർ താമസിക്കുന്നയിടത്തേക്കായിരുന്നു ക്രിസ്തുവിന്റെ യാത്ര. ക്രിസ്തുവിനെ പിൻതുടർന്നതുകൊണ്ടാണ് ആ സ്ത്രീക്ക് ക്രിസ്തുവിനെ കാണാൻ സാധിച്ചതും തന്റെ ആവശ്യങ്ങൾ അവിടേക്ക് സമർപ്പിച്ചതും. അവളുടെ ആവശ്യമറിഞ്ഞപ്പോൾ ക്രിസ്തു ഒരു വിമുഖത കാണിക്കുന്നു. മാത്രവുമല്ല യഹൂദർ അശുദ്ധമുള്ളതായി കണ്ടിരുന്ന മൃഗമായ 'നായ'യായിട്ട് ക്രിസ്തു അവളെ കാണുന്നു. അക്ഷരാർത്ഥത്തിൽ വളരെ പരുഷവും (സങ്കീർത്തനം 22:16, മത്തായി 7:6), താഴുന്നവനെ കുറച്ചു കൂടി താഴ്ത്തുന്ന, യാതൊരു സ്വത്വബോധവും കല്പിച്ചുകൊടുക്കാത്ത വാക്കുകളും ക്രിസ്തു ഉപയോഗിക്കുന്നു. എന്നാൽ അതിലൊന്നും ശ്രദ്ധ കൊടുക്കാതെ തന്റെ ദൗത്യത്തെപ്പറ്റിയുള്ള ഉത്തമബോധ്യത്തോടെ ആ സ്ത്രീ കർത്താവിന്റെ മുമ്പിൽ നിൽക്കുകയാണ്. സമൂഹം തനിക്ക് കല്പിച്ചു തന്നിരിക്കുന്ന 'പുറജാതി' എന്ന മേൽവിലാസമോ, തന്റെ വ്യക്തിത്വത്തിന് നേരെ പ്രഹരിച്ച 'നായ' എന്ന വിശേഷണമോ, തനിക്ക് ചുറ്റുമുള്ള ശിഷ്യന്മാരുടെ അസഹ്യപ്പെടുത്തലുകളോ, അവളെ തന്റെ 'മകളുടെ സൗഖ്യം' എന്ന ലക്ഷ്യത്തിൽ നിന്നും പിന്തിരിപ്പിക്കുന്നില്ല.

രോഗിയായ തന്റെ മകളോടുള്ള അദമ്യമായ സ്നേഹവും, കരുതലും ആ സ്ത്രീയിൽ നാം കാണുന്നു. തനിക്കെതിരെ മൂർച്ചയുള്ള വാക്കുകൾ ഉന്നയിച്ചിട്ടും തെല്ലും പതറാതെ, സംയമനത്തോടും വിനയത്തോടുംകൂടി തന്റെ ആവശ്യം ഒന്നുകൂടി ഊന്നിപ്പറയുകയാണ് ആ സ്ത്രീ ഇവിടെ. "നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല" (ഉല്പത്തി 32:22-32) എന്ന് യാക്കോബ് ദൈവദൂതനോട് ആവശ്യപ്പെട്ട സംഭവം ഇവിടെ ഓർക്കേണ്ടതാണ്. അനുഗ്രഹം നൽകുന്ന ദൈവം, നമ്മെ അല്പനേരത്തേക്ക് അഗ്നിപരീക്ഷകളിൽ കൂടി കടത്തി എന്നു വരാം. അവിടെയും വിജയിക്കുന്നവനു 'ജീവന്റെ സമൃദ്ധിയുണ്ടാകുന്നുള്ളു. ഈ സ്ത്രീയ്ക്കും ക്രിസ്തുവിനോടുള്ള സംഭാഷണം ഒരു അഗ്നിപരീക്ഷണം ആയിരുന്നു. അതിൽ അവൾ വിജയിക്കുന്നു. മാത്രമല്ല, അവളുടെ വിശ്വാസം വർദ്ധിക്കുന്നു. 'ദാവീദ് പുത്രൻ' എന്ന രാജസങ്കല്പത്തിൽ നിന്ന് 'കർത്താവ്' എന്നുള്ള ലോകരക്ഷകന്റെ ദൗത്യമാണ് ക്രിസ്തു ഏറ്റെടുത്തിരിക്കുന്നത് എന്ന് അവൾ മനസ്സിലാക്കുകയും, അവനെ നമസ്കരിക്കുകയും ചെയ്യുന്നു (15:22, 25). ക്രിസ്തുവിൽ നിന്ന് സൗമ്യതയും താഴ്മയും ദൃഢവിശ്വാസവും അവൾ പഠിക്കുന്നു. അതിനാലാണ് 'നിന്റെ വിശ്വാസം വലിയത് (വാക്യം 28) എന്നുള്ള പ്രഖ്യാപനം നേടാൻ അവൾക്ക് സാധിച്ചത്. മാത്രവുമല്ല തന്റെ ലക്ഷ്യം പൂർത്തീകരിക്കുവാനും അവൾക്ക് കഴിയുന്നു.

2. ശിഷ്യന്മാർ: നിസ്സംഗതയുടെയും പ്രതിഷേധത്തിന്റെയും മനോഭാവം പ്രകടിപ്പിക്കുന്നവർ

കനാന്യ സ്ത്രീയുടെ വിലാപം ശിഷ്യന്മാർക്കാണ് അലോസരമുണ്ടാക്കുന്നത്. വിശ്വാസത്തിന് ദൃഢതയില്ലാത്തവരും പ്രശ്നങ്ങളെ സമചിത്തതയോടെ നേരിടാൻ സാധിക്കാത്തവരുമായ ഒരു കൂട്ടം ആളുകളെയാണ് ശിഷ്യന്മാർ പ്രതിനിധാനം ചെയ്യുന്നത്. ക്രിസ്തുവിന്റെ കൂടെ നടന്നിട്ടും അവന്റെ അത്ഭുതങ്ങൾക്ക് സാക്ഷികളായിരുന്നിട്ടും, തങ്ങളുടെ അല്പവിശ്വാസം മൂലം ഒന്നും ചെയ്യാൻ സാധിക്കാത്ത വെറും സാധാരണക്കാരായി അവർ മാറുകയാണ് (മത്തായി 17:16, 19-20). അവർക്ക് ക്രിസ്തു വിശ്വാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നു. ക്രിസ്തുവിന്റെ നാമത്തിൽ രോഗസൗഖ്യം നൽകുന്ന ഒരുവനെ ഞങ്ങൾ പുറത്താക്കി (മർക്കോസ് 9:38-39) എന്നു വീമ്പു പറയുന്നവരും ഇക്കൂട്ടത്തിലുണ്ട്. നന്മ ചെയ്യുവാനുള്ള അവസരം പാഴാക്കിക്കളയുന്നവർ.

പ്രശ്നങ്ങളും ആവലാതികളുമായി നമ്മെ സമീപിക്കുന്നവരോടുള്ള നമ്മുടെ കാഴ്ചപ്പാട് എന്താണ്? ഇന്ന് സമൂഹത്തിൽ നടക്കുന്ന പല തിന്മകളോടും നാം നിസ്സംഗത പുലർത്തുന്നു. സഭയായും വ്യക്തികളായും ചെയ്യേണ്ടുന്ന ധർമ്മം പലപ്പോഴും വീൺവാക്കുകളിലൊതുങ്ങി പോകുന്നു. ക്രിസ്തുവിന്റെ പ്രതിനിധികളായി ഈ ലോകത്തിൽ നാം ആയിരിക്കുമ്പോൾ, അവനെ മഹത്വപ്പെടുത്തേണ്ട കർമ്മങ്ങൾ നാം ചെയ്തേ മതിയാവുകയുള്ളു. അതിൽ നിന്നും ഒഴിഞ്ഞുമാറാൻ ആർക്കുംതന്നെ സാധിക്കുകയില്ല.

3. ക്രിസ്തു - ആർദ്രതയുടെയും സമത്വചിന്തയുടെയും മാതൃക

തന്റെ ശിഷ്യന്മാരെ വേലയ്ക്കായി അയക്കുമ്പോൾ 'ജാതികളുടെയടുക്കൽ പോകരുതെന്ന്' (മത്തായി 10:5) കർശനമായ നിർദ്ദേശം കൊടുത്ത ക്രിസ്തുവാണ് അവരെ തേടിച്ചെല്ലുന്നതും, പുറജാതിക്കാരിയായ ഒരു സ്ത്രീയ്ക്ക് അവളുടെ ആവശ്യം നിർവ്വഹിച്ചു കൊടുക്കുന്നതും, വിശ്വാസത്തിന്റെ ദൃഢത അവളിൽ കാണുന്നതും. ഇതുവഴി തന്റെ പിതാവിന്റെ ഹിതമെന്തെന്ന് ക്രിസ്തു കാണിച്ചു കൊടുക്കുകയാണ്. ആരാലും അംഗീകരിക്കപ്പെടാതെ, 'പുറജാതി' എന്ന മേൽവിലാസമുണ്ടായിരുന്ന ഒരു വ്യക്തിയെ - അതും ഒരു സ്ത്രീയെ ക്രിസ്തു യഥാർത്ഥ സ്വത്വബോധത്തിലേക്ക് കൊണ്ടുവരികയാണ്. രക്ഷയുടെ ദൂത് അവൾക്ക് നൽകുകയാണ്. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും യഥാർത്ഥ വില എന്തെന്ന് അവളെ പഠിപ്പിക്കുകയാണ്. വിശ്വാസത്തിന്റെ, നേർത്ത നൂൽപ്പാലത്തിൽ നിന്നും ആർക്കും ഇളക്കി മാറ്റാനാകാത്ത ദൃഢമായ വിശ്വാസത്തിലേക്ക് ക്രിസ്തു അവളെ വളർത്തുകയാണ്. ആർദ്രതയുടെ ആംഗ്യത്താൽ 'ഞാൻ ലോകരക്ഷകനാണ്' എന്ന് ക്രിസ്തു മൗനമായി പ്രഖ്യാപിക്കുന്നു.

സുവിശേഷങ്ങളിൽ 'നിന്റെ വിശ്വാസം വലിയത്' എന്ന പ്രശംസ ക്രിസ്തുവിൽ നിന്നും ലഭിച്ചവർ രണ്ടുപേരാണ്. ഒന്ന് കനാന്യ സ്ത്രീയും, രണ്ട് ഒരു ശതാധിപനും (മത്തായി 15:28, 8:10). അവർ രണ്ടും പുറജാതിക്കാരായിരുന്നു എന്നുള്ളതും പ്രത്യേകതയാണ്. ഇന്ന് അവന്റെ അനുയായികളെന്ന് അവകാശപ്പെടുന്ന നമുക്കോരോരുത്തർക്കും കിട്ടുന്ന സാക്ഷ്യം എന്ത്? വി. മാമോദീസായിൽ, പൈതലിനു വേണ്ടി വിശ്വാസം ഏറ്റുപറയുന്ന വ്യക്തിയുടെ പ്രതിനിധിയായി കനാന്യ സ്ത്രീയെ വ്യാഖ്യാനിക്കാം. തന്റെ മകളുടെ രോഗ സൗഖ്യത്തിനു വേണ്ടി, ക്രിസ്തുവിനെ സമീപിച്ച അവൾ 'എന്നോട് കരുണ തോന്നണമേ' എന്ന് ആവശ്യപ്പെടുന്നത് സഹിഷ്ണുതയോടും സ്നേഹത്തോടുംകൂടി, ആവശ്യക്കാരുടെ കുറവുകളെ ഒരളവിൽ വരെ പരിഹരിക്കുവാനും തള്ളപ്പെട്ടവരെയും അവഗണിക്കപ്പെട്ട വരെയും സ്വന്തമാക്കി ചേർത്തു നിർത്തുവാനും ഇന്നത്തെ സദ്വാർത്തയിൽ കൂടി നമുക്കിടയാകട്ടെ. ❑

ഫാ. കെ. ജെ. കോശി നിര്യാതനായി

കൊല്ലം: ചെങ്ങമനാട് ആശ്രമ അംഗവും മലങ്കര ഓർത്തഡോക്സ് സഭയിലെ മുതിർന്ന വൈദീകനുമായിരുന്ന ഫാ. കെ. ജെ. കോശി നിര്യാതനായി.

ഇങ്ങനെ പറയാതെ പറയുന്നവർ ഉണ്ടായിരുന്നെങ്കിൽ...

ഫാ. തോമസ് പി. മുകളിൽ

ഏകാന്ത വാസികളിൽ ഉണ്ടാകാവുന്ന നിരാശാജനകമായ നെടുവീർപ്പുകൾ അമ്പേ ഇല്ലാതിരുന്ന പരിത്യാഗി പരലോകത്തിലേക്ക് പടികയറി.

ചെങ്ങമനാട് ആശ്രമത്തിന്റെ ധനകോണിൽ അന്തരീക്ഷ പദത്തിലായിരുന്നു ആ മുറി. അത്രമേൽ ആത്മ സമ്പത്ത് നേടിയവർ ആരും അപ്പോൾ അവിടെ ഉണ്ടായിരുന്നില്ല എന്നാണ് എന്റെ ഓർമ്മ.

വലിച്ചെറിയുന്ന പ്ലാസ്റ്റിക് കവറുകൾ കൊണ്ട് പൂക്കൾ ഉണ്ടാക്കി മേശപ്പുറം അലങ്കരിച്ച വളരെ ലളിതമായ മുറിയിൽ ആത്മസംതൃപ്തി വക്കോളാം നിറച്ചു വെച്ച ഒരു വെൺകൽ ഭരണി.

വിദ്യാഭ്യാസ ഇതര സ്ഥാപനങ്ങൾ ധാരാളമുണ്ടായിരുന്നു ചെങ്ങമനാട് ആശ്രമത്തിന്. കഥാപുരുഷന് ഒന്നിനോടും മമത തോന്നിയിട്ടില്ല. ഒന്നും തല ചൂട് പിടുപ്പിച്ചിട്ടുമില്ല... പകരം ഹൃദയം കത്തി കൊണ്ടിരുന്നു, പൗരസ്ത്യ ഭാഷയിൽ അതിന് അനുതാപം എന്നായിരുന്നു പേര്. യാമപ്രാർത്ഥനകൾ മുടക്കിയിട്ടില്ല ആരോഗ്യം ഉള്ള കാലത്തോളം. പ്രാഞ്ചി പ്രാഞ്ചി ചാപ്പലിലേയ്ക്ക്... (തലവേദനയുടെ പേരിൽ തല കുമ്പിടൽ വേണ്ടെന്ന് വെക്കുന്ന ഇക്കാലത്ത്...)

എയ്ഞ്ചൽ ബാവ (പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ) ആയിരുന്നു ആശ്രമത്തിലേക്ക് കൊണ്ടുവന്നത്. ഇടയ്ക്കു ആ പിതാവിന്റെ അനുവാദത്തോടെ ഭവനത്തിലേക്ക് മടങ്ങി പോകേണ്ട ഒരു സാഹചര്യം ഉണ്ടായി, പിന്നീട് തിരിച്ചും വന്നു. സദീക്ഷിതർക്ക് അതിൽ ചില്ലറ മൂപ്പുമുറ പരിഭവങ്ങളും ഉണ്ടായിട്ടുണ്ട്.

വൈദിക സ്ഥാനമേൽക്കുന്ന തിനുമുമ്പ് ഈയുള്ളവൻ ധ്യാനത്തിനിരുന്നത് അന്നത്തെ സുപ്പീരിയർ ദിവംഗതനായ വി. വർഗീസച്ചന്റെ അനുമതിയോടെ ചെങ്ങമനാട് ആശ്രമത്തിലായിരുന്നു. ഇഹലോക താലന്തുക ളാൽ ഭൂരിപക്ഷ അന്തേവാസികൾക്കും അനുദിനം പുറത്തേക്ക് പോകേണ്ടി വരുമ്പോൾ. പകൽ ഞങ്ങൾ മാത്രം. ഏകാന്തവാസിയായ ഒരു വൈദികന്റെ താലന്തുകളുടെ വ്യവഹാരം ബലിപീഠത്തിന്റെ മുന്നിലെ കണ്ണീർ മുത്തുകൾ ആണെന്ന് കാണിച്ച (പഠിപ്പിച്ച) ഗുരു. പഠിപ്പ് കൂടുമ്പോൾ മൂപ്പുമുറയും ബഹുമാനവുമൊക്കെ കുറയുമെന്ന് ഫലിത രൂപേണെ അദ്ദേഹം പറഞ്ഞിട്ടുണ്ട്. അത് വാസ്തവം ആയിരുന്നു താനും.

വാചോടാപങ്ങളില്ലാതെ ഏകാന്തതയ്ക്ക് ഒരു അപാര വ്യാഖ്യാനം സ്വജീവിതത്തിലൂടെ കാട്ടിയ വന്ദ്യ ആചാര്യൻ കെ. ജെ. കോശി അച്ചന് പ്രണാമം.

പറഞ്ഞിട്ടും പറഞ്ഞിട്ടും മതിയാകാത്തവർ ഉള്ള ഈ നാട്ടിൽ ഇങ്ങനെ പറയാതെ പറയുന്നവർ കുറേക്കൂടി ഉണ്ടായിരുന്നെങ്കിൽ...

ഓർമ്മചിത്രങ്ങൾ

(L) His Holiness Ilia II (Catholicos-Patriarch of All Georgia, the Archbishop of Mtskheta-Tbilisi and Metropolitan Bishop of Bichvinta and Tskhum-Abkhazia) & (R) the LL His Holiness Marthoma Mathews I (Catholicos on the Apostolic Throne of St. Thomas, Moopan and Malankara Metropolitan, and Chief Custodian of the Malankara Nazranieth) in 1982.

പുത്തൻകാവ് മാർ പീലക്സീനോസ്, പ. വട്ടശ്ശേരിൽ തിരുമേനി, പ. ഗീവറുഗീസ് രണ്ടാമൻ ബാവാ, പ. പാമ്പാടി തിരുമേനി, മാർ സേവേറിയോസ് വാളക്കുഴി



45 വർഷങ്ങൾക്ക് ശേഷം അയ്യമ്പള്ളി സെൻറ് ജോൺസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഇടവക മെത്രാപ്പോലീത്ത അഭി.ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ വിശുദ്ധ കുർബ്ബാന അർപ്പിച്ച ശേഷം

ദൈവം തമ്പുരാൻ ദുഷ്ടന്മാരുടെയും നല്ലവരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും മഴപെയ്യിക്കുകയും ചെയ്യുന്നുണ്ടല്ലോ. നാമും അപ്രകാരം ചെയ്താൽ മതി. പ്രാർത്ഥനയ്ക്കാവശ്യമില്ലാത്ത കർത്താവ് രാത്രി മുഴുവൻ പ്രാർത്ഥിച്ചെങ്കിൽ ആവശ്യക്കാരനായ നീ പ്രാർത്ഥിക്കാതിരുന്നാൽ എവിടെ ചെന്നെത്തും.

– പാമ്പാടി തിരുമേനി

കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് പിറവം സെന്റ് മേരീസ് വലിയപള്ളി സന്ദർശിച്ചു.

അഭിനന്ദനങ്ങൾ

യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ടോം കോര അഞ്ചേരിൽ. സഭാ മാനേജിംഗ് കമ്മിറ്റിയംഗമാണ്. കോട്ടയം ചെറിയപള്ളി ഇടവകാംഗം.

യൂത്ത് കോൺഗ്രസ് കോട്ടയം ജില്ലാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അരുൺ മർക്കോസ്. കുഴിമറ്റം പള്ളി ഇടവകാംഗം.

ചെങ്ങന്നൂർ ഭദ്രാസന യുവജന പ്രസ്ഥാന നോമ്പുകാല പ്രാർത്ഥന സംഗമം

ചെങ്ങന്നൂർ: പ്രഥമ പ്രാർത്ഥന സംഗമം ഇടവങ്കാട് ഡിസ്ട്രിറ്റിന്റെ ആഭിമുഖ്യത്തിൽ വെൺമണി സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ വച്ച് നടന്നു.

ചെങ്ങന്നൂർ ഓ.സി.വൈ.എം വൈസ് പ്രസിഡന്റ് ഫാ. ജാൾസൻ പി. ജോർജ്ജിന്റ് അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത പ്രഥമ പ്രാർത്ഥന സംഗമം ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. സ്റ്റീഫൻ വർഗീസ് സ്വാഗതം അറിച്ചു. ഓതറ ദയറ മാനേജർ റവ.ഫാ.എബി ഫിലിപ്പ് (പ്രകാശഗിരി പള്ളി വികാരി) ധ്യാനം നയിച്ചു.

ഇടവക സെക്രട്ടറി റെജി.വി.ജി ആശംസ നേർന്നു.ഇടവങ്കാട് ഡിസ്ട്രിക്ക് സെക്രട്ടറി സജു ജോൺ വെൺമണി യോഗത്തിൽ നന്ദി അറിച്ചു.

കടമറ്റം പള്ളിക്കേസ്: ഹൈക്കോടതി അപ്പീൽ തള്ളി

കൊച്ചി: കടമറ്റം പള്ളിയും, പോയോടം ചാപ്പലും, മറ്റ് എല്ലാ അനുബന്ധ വസ്തുവകകളും 1934 ലെ മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടന പ്രകാരം മാത്രം ഭരിക്കപ്പെടണം എന്ന് വിഘടിത വിഭാഗത്തിന്റെ അപ്പീലിൽ ഹൈക്കോടതി തീർപ്പ് കൽപ്പിച്ച് ഉത്തരവായി.

തമ്മാനിമറ്റം ചാപ്പൽക്കേസ്: അപ്പീൽ ഹൈക്കോടതി തള്ളി

കൊച്ചി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ തമ്മാനിമറ്റം സെന്റ് മേരീസ് ഓർത്തഡോക്സ് ചാപ്പലിനെ സംബന്ധിച്ച് പള്ളികോടതി വിധിക്ക് എതിരെ വിഘടിത വിഭാഗം നൽകിയ അപ്പീൽ ഹൈക്കോടതി തള്ളി.

1934 ലെ മലങ്കര ഓർത്തോഡോക്സ് സഭയുടെ ഭരണഘടന അനുസരിച്ച് ദൈവാലയം ഭരിയ്ക്കപ്പെടണമെന്നും 1934 ഭരണഘടന പ്രകാരം നിയമിതനായ വൈദികർക് മാത്രമേ ആത്മീയമായും ഭരണപരവുമായ കാര്യങ്ങൾ ചെയ്യുവാനുള്ള അധികാരം ഉള്ളൂ എന്നും കേരള ഹൈക്കോടതി ഉത്തരവായി.

ഇൻജംഗ്ഷൻ ഹർജി കോടതി തള്ളി

കൊച്ചി: എരിക്കുംചിറ, മംഗലഡാം പള്ളികളുടെ സുപ്രീംകോടതി വിധി മറികടക്കാൻ വിഘടിത വിഭാഗം മത്തായി തൊഴുത്തുങ്കൽ അച്ചനും, മത്തായി പനംകുറ്റിയിൽ അച്ചനും എതിരായി ആലത്തൂർ മുൻസിഫ് കോടതിയിൽ കൊടുത്ത ഇൻജംഗ്ഷൻ ഹർജി കോടതി തള്ളി.

അയ്യമ്പള്ളി പള്ളി പൂർണമായും മലങ്കരസഭയിലേക്ക്

കൊച്ചി: അയ്യമ്പള്ളി പള്ളി പൂർണമായും മലങ്കരസഭയിലേക്ക്. പള്ളിയുടെ താക്കോൽ ഔദ്യോഗിക വികാരി മോൻസി പി. ചാക്കോ കോടതിയിൽ നിന്ന് ഏറ്റുവാങ്ങി.

പഴഞ്ഞി കത്തീഡ്രലിന് കേസിൽ വിജയം

കുന്നംകുളം: പഴഞ്ഞി കത്തീഡ്രലിന്റെ ഉടമസ്ഥതയിലും കൈവശത്തിലും നിലനിന്നു വന്നിരുന്ന സർവേ നമ്പർ 810/1 ഭൂമിയുടെ ഉടമസ്ഥാവകാശം തങ്ങൾക്കാണെന്ന് കാണിച്ച് പഴഞ്ഞി മാർത്തോമ്മാ ഇമ്മാനുവേൽ ചർച്ച് ഒ.S 46/2008 ആയി ചാവക്കാട് മുൻസിഫ് കോടതിയെ സമീപിച്ച കേസിൽ പഴഞ്ഞി മാർത്തോമ്മാ പള്ളിയുടെ അന്യായം തള്ളി കോടതി ഉത്തരവായി.

ശങ്കരപുരം ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന പ്രസ്തുത ഭൂമി പലരുടെ പേരിലേക്കും കൈമാറ്റം ചെയ്യപ്പെടുകയും 1954 ഡിസംബർ 22-ന് കാട്ടകാമ്പാൽ ദേശത്ത് പുലിക്കോട്ടിൽ വറീത് മകൻ വറതുണ്ണിയിൽ നിന്നാണ് പഴഞ്ഞി സബ് രജിസ്ട്രാർ ഓഫീസിലെ തീറ് രജിസ്റ്റർ പ്രകാരം പഴഞ്ഞി കത്തീഡ്രലിന്റേതായി മാറുകയും ചെയ്തു.

റേഷൻ കട നടത്തുന്നതിനായി ഈ സ്ഥലം പഴഞ്ഞി കത്തീഡ്രൽ വാടകക്ക് നൽകിയിരുന്നു. വാടകക്കാരൻ ഒഴിയാതിരുന്ന സാഹചര്യത്തിൽ, ഒഴിപ്പിച്ചു കിട്ടുന്നതിനായി പഴഞ്ഞി കത്തീഡ്രൽ O.S 38/67 ആയി 1967-ൽ ചാവക്കാട് മുൻസിഫ് കോടതിയിൽ അന്യായം ഫയൽ ചെയ്യുകകയും 1972 സെപ്റ്റംബർ -30 ന് പഴഞ്ഞി കത്തീഡ്രലിന്റെ ഉടമസ്ഥാവകാശവും കൈവശാവകാശവും അംഗീകരിച്ചു കൊണ്ട് വാടകക്കാരനെ ഒഴിപ്പിക്കാൻ വിധി ഉണ്ടാകുകയും വാടകക്കാരനെ ഒഴിപ്പിക്കുകയും ചെയ്തിരുന്നു.

പഴഞ്ഞി മാർത്തോമ്മാ പള്ളിക്കാർ പ്രസ്തുത സ്ഥലം കൈയേറാൻ നടത്തിയ ശ്രമങ്ങളുടെ ഭാഗമായി 2008-ൽ സ്ഥലത്തിന്റെ പടിഞ്ഞാറ് വശം അനധികൃതമായി മതിൽ കെട്ടുവാനുള്ള ശ്രമം നടത്തുകയും പ്രസ്തുത ശ്രമം അന്നത്തെ പഴഞ്ഞി കത്തീഡ്രൽ ട്രസ്റ്റിയായിരുന്ന സി. ഐ. സിംജോയുടെ നേതൃത്വത്തിൽ ഇടവക ഒറ്റക്കെട്ടായി ചെറുക്കുകയും ചെയ്തു. പോലീസിനെ സ്വാധീനിച്ചും ചില ശ്രമങ്ങൾ ഉണ്ടായെങ്കിലും ട്രസ്റ്റി സി. ഐ. സിംജോയുടെ നേതൃത്വത്തിൽ ആ ശ്രമവും പഴഞ്ഞി ഇടവക പരാജയപ്പെടുത്തി.ഈ പരിശ്രമങ്ങൾക്കൊടുവിലാണ് മാർത്തോമ്മാ പള്ളിക്കാർ ചാവക്കാട് കോടതിയെ സമീപിച്ചത്.

പഴഞ്ഞി കത്തീഡ്രലിന്റെ അഭിമാനത്തെ ചോദ്യം ചെയ്തുകൊണ്ട് പഴഞ്ഞി മാർത്താമ്മാ പള്ളി നൽകിയ ഈ കേസ് നടത്തുന്നതിന് പഴഞ്ഞി കത്തീഡ്രൽ പൊതുയോഗം സി. ഐ സിംജോ, സി. എ. ജെയിംസ് എന്നിവരെ ഔദ്യോഗികമായി ചുമതലപ്പെടുത്തി. സി.എ ജെയിംസ് 2019-ൽ മരണപ്പെട്ടെങ്കിലും പഴഞ്ഞി കത്തീഡ്രൽ ഏൽപ്പിച്ച ചുമതല സി.ഐ സിംജോ നിസ്വാർത്ഥമായി നിർവ്വഹിച്ചതിന്റെ കൂടി ഫലമാണ് പഴഞ്ഞി കത്തീഡ്രലിന് അനുകൂലമായി ഉണ്ടായ ഈ വിധി.

പഴഞ്ഞി കത്തീഡ്രലിനുവേണ്ടി സീനിയർ അഭിഭാഷകനായ അഡ്വ. കെ. ഐ. ചാക്കോ, അഡ്വ. ജെറി എന്നിവർ ഹാജരായി.

കോതമംഗലം ചെറിയപള്ളിക്കേസ്

കൊച്ചി: കോതമംഗലം ചെറിയപള്ളിയെ സംബന്ധിച്ച് സർക്കാരും, വിഘടിത വിഭാഗവും കൊടുത്ത അപ്പിൽ ഡിവിഷൻ ബെഞ്ച് പരിഗണിച്ചു. മണിക്കൂറുകൾ നീണ്ട വാദങ്ങൾ തുടർന്നു. മതമൈത്രി സംഘടനയുടെ പെറ്റീഷൻ കോടതി അനുവദിച്ചില്ല. വിശദമായ വാദം കേട്ടു. പല വാദമുഖങ്ങളും സർക്കാരും വിഘടിത വിഭാഗവും ഒന്നിച്ച് നടത്തി. കോതമംഗലം പള്ളിയെ സമ്പധിച്ച് കൊടുത്തിട്ടുള്ള അപ്പീലുകളെല്ലാം വാദം പൂർത്തീകരിച്ച് ഓർഡർ പറയുന്നതിന് വേണ്ടി മാറ്റി. സിംഗിൾ ബഞ്ച് വിധിക്കെതിരെ ഡിവിഷൻ 7 ദിവസം സ്റ്റേ ചെയ്തിരുന്നു. അത് നീട്ടിക്കൊടുത്തിട്ടില്ല.

ഒരു മാസത്തിനകം തീർപ്പാക്കി റിപ്പോർട്ട് ചെയ്യണമെന്ന് ഹൈക്കോടതി ഉത്തരവ്

കൊച്ചി: നീലിമംഗലം, ഓണക്കൂർ, ആറൂർ സെൻറ് മേരീസ് പള്ളികളുടെ കേസുകൾ കീഴ്ക്കോടതി ഒരു മാസത്തിനകം തീർപ്പാക്കി റിപ്പോർട്ട് ചെയ്യണമെന്ന് ഹൈക്കോടതി ഉത്തരവ്.

പഴഞ്ഞി കത്തീഡ്രലിന് അനുകൂലമായി വിധിച്ചു

കുന്നംകുളം: പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ കിഴിലുള്ള സേവേറിയോസ് ബ്ലോക്കിന്റെ കേസ് ചാവക്കാട് കോടതി പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന് അനുകൂലമായി വിധിച്ചു.

ഓടക്കാലി പള്ളിക്കേസ്: അപ്പീൽ ഹൈക്കോടതി തള്ളി

കൊച്ചി: ഓടക്കാലി പള്ളിക്ക് ജില്ലാ കോടതി അനുവദിച്ച പോലീസ് പ്രൊട്ടക്ഷനെതിരായി യാക്കോബായ വിഭാഗം സമർപ്പിച്ച അപ്പീൽ ബഹു. ഹൈക്കോടതി തള്ളി. വിധി മാർച്ച് 22-നകം നടപ്പാക്കണമെന്ന് കോടതിയുടെ കർശന നിർദേശം

മുള്ളരിങ്ങാട് പള്ളി കേസ്: അപ്പീൽ ഹൈക്കോടതി തള്ളി

കൊച്ചി: അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട മുള്ളരിങ്ങാട് പള്ളി കേസിൽ കീഴ്ക്കോടതി വിധിക്കെതിരെ വിഘടിത വിഭാഗം കൊടുത്ത അപ്പീൽ ഹൈക്കോടതി തള്ളി.

മുടവൂർ പള്ളി പോലീസ് പ്രൊട്ടക്ഷൻ കേസ്

മലങ്കര ഓർത്തഡോക്സ് സഭ അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട മുടവൂർ പള്ളിയുടെ പോലീസ് പ്രൊട്ടക്ഷൻ കേസിൽ വാദം പൂർത്തിയായി വിധി പറയാൻ മാറ്റിവച്ചു.

ചിരിവര

പിറവം പിഷാരുകോവിലിലെ തിരുവുൽസവത്തിനു ആശംസകൾ നേർന്നുകൊണ്ട് പിറവം വലിയപള്ളി വികാരി, സഹവികാരിമാർ, ട്രസ്റ്റി, മാനേജിങ് കമ്മറ്റി അംഗങ്ങൾ എന്നിവർ പിഷാരുകോവിൽ ക്ഷേത്രത്തിൽ.

കുന്നംകുളം ചിറളയം പള്ളിയിൽ നിന്നുള്ള തീർത്ഥാടകർ കണ്ടനാട് സെന്റ് മേരീസ് കത്തീഡ്രൽ കബറടക്കിയ പ. ശ്രക്ളള മാർ ബസേലിയോസ് ബാവായുടെ കബറിടം സന്ദർശിച്ചു. ബാവായുടെ ഓർമ്മപ്പെരുന്നാൾ ആണ്ടുതോറും നടത്തി വരാറുള്ള ഒരു ഇടവക കൂടിയാണ് ചിറളയം മാർ ലാസറസ് പള്ളി.

അഞ്ജു അന്നാ ജേക്കബിന് ഡോക്ടറേറ്റ്

വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (VIT) യിൽ നിന്നും ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ (ഗവേഷണ വിഷയം: നാനോ ടെക്നോളജി), ഡോക്ടറേറ്റ് ലഭിച്ച അഞ്ജു അന്നാ ജേക്കബ്. മാവേലിക്കര, പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം ആലിന്റെതെക്കേതിൽ ആനന്ദ ഭവനത്തിൽ സോജു ജോൺ വർഗീസിന്റെ സഹധർമിണി ആണ്. കാരിച്ചാൽ സെന്റ് ജോർജ് ഓർത്തോഡോക്സ് ദേവാലയം ആണ് മാതൃഇടവക.

വിപിൻ കെ. വർഗീസിന് ഡോക്ടറേറ്റ്

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് വാണിജ്യശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ വിപിൻ കെ. വർഗീസ്. പാമ്പാടി കെ. ജി. കോളജ് അസി. പ്രൊഫസർ ആണ്. സൗത്ത് പാമ്പാടി സെന്റ് തോമസ് പള്ളി ഇടവകാംഗം.

വിദ്യാർത്ഥികൾക്ക് മാസ്ക് നിർമ്മിച്ച് സൗജന്യമായി നൽകി തണ്ണിത്തോട് വലിയപള്ളി സംയുക്ത യുവജനപ്രസ്ഥാനം

റാന്നി: വ്യാപിച്ചുകൊണ്ടിരിക്കുന്ന കൊറോണ എന്ന രോഗം കാരണം നമ്മുടെ സമൂഹം വീർപ്പുമുട്ടുകയാണ്. കമ്പോളത്തിൽ നിന്നും ലഭ്യമാകുന്ന മാസ്കിന്റെ വില കച്ചവടക്കാർ കുത്തനെ വില വർദ്ധിപ്പിക്കുകയും, അവ ലഭ്യമാകാതെയും വന്ന സാഹചര്യത്തിൽ സ്വയം മാസ്ക് നിർമ്മിക്കാമെന്ന ആശയം ഉടലെടുക്കുകയും രാത്രി 10 മണി മുതൽ രാവിലെ 4 മണി വരെയുള്ള സമയം കൊണ്ട് 252 മാസ്ക് നിർമ്മിക്കുകയും അവ രാവിലെ 9.30 ന് തേക്കുതോട് ഗവ. ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ജിജിനിസ്സാ ടീച്ചർക്ക് തണ്ണിത്തോട് വലിയപള്ളി വികാരി ഫാ. ബ്രിൻസ് കൈമാറുകയും ചെയ്തു.

മലങ്കര ഓർത്തഡോക്ൾസ് സുറിയാനി സഭയ്ക്ക് പാരിസിൽ പുതിയ കോൺഗ്രിഗേഷൻ.

മലങ്കര ഓർത്തഡോക്ൾസ് സുറിയാനി സഭയുടെ യു.കെ.-യൂറോപ്പ് -ആഫ്രിക്ക ഭദ്രാസങ്ങളുടെ കീഴിൽ വരുന്ന പാരിസിൽ പുതിയ കോൺഗ്രിഗേഷൻ ആരംഭിച്ചു. അർമേനിയൻ ഓർത്തഡോക്ൾസ് കത്തിഡ്രൽ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

News, Advertisements, Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file



ICON Excellence Award distribution for Trichur Centre (in partnership with Ministry of Human Empowerment, Devalokam).